Deivarajyam February 2018
I R.N.7623/63
Registered No. KL/ALY/0020/2017-2019 I R.N. 7623/1963
Date of publication: 1/2/2018
I Posted at Thodupuzha Stg.
Annual Subscription ₹ 100.00



St. Polycarp



St. John de Britto

Printed at Sanjo Offset Press, Kothamangalam
Editor, Printer & Publisher Rev. Dr. George Thekkekara
Bishop's House, Kothamangalam - 686 691

ഫെബ്രുവരി 2018 വാല്യം 57 ലക്കം 2

# ദൈവരാജ്യം

കോതമംഗലം രൂപത ബുള്ളറ്റിൻ



ഇടുക്കി രൂപതയുടെ നിയുക്ത മെത്രാൻ

**മോൺ. ജോൺ നെല്ലിക്കുന്നേൽ**

പിതാവിന് കോതമംഗലം രൂപതയുടെ

## ആശംസകൾ



## ആദരാഞ്ജലികൾ



**സേവനം അനുഷ്ഠിച്ച ഇടവകകൾ**

ഇരട്ടയാർ, ശാന്തിഗ്രാം, തങ്കമണി, നെല്ലിപ്പാറ, പൊട്ടൻകാട്, മുട്ടുകാട്, ചെമ്പകപ്പാറ, ഈട്ടിത്തോപ്പ് ,വാഴക്കാല, തോട്ടക്കര, ഏഴല്ലൂർ വാഴവര, കുണിഞ്ഞി, പോത്താനിക്കാട്, പാറപ്പുഴ, കാവക്കാട്, തലയനാട്, ഞായപ്പിള്ളി, പൊന്നന്താനം, വടകോട്

**ഫാ. ജോൺ കുറ്റിയറ (87)**

ജനനം: 31. 01. 1931

പൗരോഹിത്യ സ്വീകരണം: 31. 03. 1963

മരണം: 17. 01. 2018

സാഗർ രൂപതയുടെ നിയുക്ത മെത്രാൻ

**മോൺ.ജെയിംസ് അത്തിക്കളം**

പിതാവിന് കോതമംഗലം രൂപതയുടെ

## ആശംസകൾ



## ആദരാഞ്ജലികൾ



**സേവനം അനുഷ്ഠിച്ച ഇടവകകൾ**

കരിമണ്ണൂർ, കോതമംഗലം, കോട്ടപ്പടി, കുത്തുങ്കൽ, നെടുങ്ങപ്ര, ബസ്ലേഹം, തോക്കുപാറ, വെളിയേൽച്ചാൽ, ചെമ്പകപ്പാറ, ഉടുമ്പന്നൂർ, അരിക്കുഴ, നെയ്യശേരി, അമേരിക്കയിലെ ബിസ്മാർക്ക്, മൊണ്ടാന രൂപതകളിൽ

**ഫാ. തോമസ് പിട്ടാപ്പിള്ളിൽ (85)**

ജനനം: 25. 01. 1933

പൗരോഹിത്യ സ്വീകരണം: 21. 03. 1961

മരണം: 01. 01. 2018

## ആദരാഞ്ജലികളോടെ...

### ദൈവസന്നിധിയിൽ 36 വർഷം



## മാർ മാത്യു പോത്തനാമൂഴി

**2018 ഫെബ്രുവരി 6**

അഭിവന്ദ്യ പിതാവിനുവേണ്ടി 06-02-2018 ചൊവ്വാഴ്ച
രാവിലെ 7.00-ന് കോതമംഗലം സെന്റ് ജോർജ് കത്തീഡ്രലിൽ
വി. ബലിയും തിരുക്കർമ്മങ്ങളും ഉണ്ടായിരിക്കുന്നതാണ്.

**പാവനസ്മരണകളോടെ...**

**കോതമംഗലം രൂപത**

# ദൈവരാജ്യം




*Patron*
**Mar George Madathikandathil**
Bishop of Kothamangalam

*Editor, Printer & Publisher*
**Rev. Dr. George Thekkekara**

വാല്യം 57
ഫെബ്രുവരി 2018
ലക്കം 2

The Eparchial Curia
Bishop's House, P.B. No.6
Kothamangalam - 686 691
Mob. 8281946306
bishophouseklm@gmail.com

## ഉള്ളടക്കം

| | |
|---|---|
| 5 | ഇരുപത്താറാം ആഗോള രോഗീദിനാചരണ സന്ദേശം - 2018 |
| 9 | കേരളസഭയിൽ യുവജനവർഷാചരണം സംബന്ധിച്ച് കെ. സി. ബി. സി. പുറപ്പെടുവിക്കുന്ന സർക്കുലർ |
| 12 | 2018 ഫെബ്രുവരി 11 തിരുബാലസഖ്യദിനം |
| 14 | മദ്യവിരുദ്ധഞായർ, 18 ഫെബ്രുവരി 2018 |
| 20 | രൂപതക്കച്ചേരി |
| 25 | മൈനർ സെമിനാരി |
| 26 | വിജ്ഞാനഭവൻ |
| 28 | വിദ്യാഭ്യാസം |
| 29 | സോഷ്യൽ സർവീസ് |
| 29 | തിരുബാലസഖ്യം |
| 30 | ചെറുപുഷ്പ മിഷൻലീഗ് |
| 31 | കെ. സി. എസ്. എൽ. |
| 32 | ഫാമിലി അപ്പോസ്റ്റലേറ്റ് |
| 34 | മാതൃവേദി |
| 34 | ഡി. എഫ്. സി. |
| 36 | യുവദീപ്തി |
| 37 | ജീസസ് യൂത്ത് |
| 37 | എ. കെ. സി. സി. |
| 39 | ഇൻഫാം |
| 39 | അല്മായഫ്രാൻസിസ്കൻ സഭ |
| 40 | പ്രാർത്ഥനാഗ്രൂപ്പ് |
| 41 | സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി |
| 44 | നെസ്റ്റ് പ്രോഗ്രാം |
| 45 | വാർത്തയും വിശേഷങ്ങളും |
| 45 | രൂപതാദ്ധ്യക്ഷന്റെ ഡയറി |
| 48 | **Bishop's Engagements** |
| 48 | സന്യാസസമൂഹത്തിന്റെ പുതിയ സാരഥികൾ |
| 49 | നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം |
| 49 | നിര്യാതരായി |

Ref: 3058/K-5/KCBC/OL/DS 02.01.2018

## ഇരുപത്താറാം ആഗോള രോഗീദിനാചരണ സന്ദേശം - 2018

### ഫ്രാൻസിസ് മാർപാപ്പാ

*സഭയുടെ അമ്മ. "സ്ത്രീയേ, ഇതാ നിന്റെ മകൻ...ഇതാ നിന്റെ അമ്മ. അപ്പോൾ മുതൽ ആ ശിഷ്യൻ അവളെ സ്വന്തം ഭവനത്തിൽ സ്വീകരിച്ചു (യോഹ. 19: 26-27)*

പ്രിയ സഹോദരീസഹോദരന്മാരേ,

കുരിശിൽക്കിടന്നുകൊണ്ട് യേശു തന്റെ അമ്മയായ മറിയത്തോടും യോഹന്നാനോടും പറഞ്ഞ വാക്കുകളിൽനിന്നുള്ളതാണ് ഈ വർഷത്തെ രോഗീദിനത്തിന്റെ പ്രമേയം. "സ്ത്രീയേ, ഇതാ നിന്റെ മകൻ... ഇതാ നിന്റെ അമ്മ. ആ നിമിഷം മുതൽ ആ ശിഷ്യൻ അവളെ സ്വന്തം ഭവനത്തിൽ സ്വീകരിച്ചു" (യോഹ 19:26-27).

1. കർത്താവിന്റെ വാക്കുകൾ കുരിശിന്റെ രഹസ്യത്തെ വ്യക്തമായി പ്രകാശിപ്പിക്കുന്നുണ്ട്. കുരിശ് പ്രത്യാശ നല്കാത്ത ദുരന്തമല്ല. പിന്നെയോ യേശു തന്റെ മഹത്ത്വം വെളിപ്പെടുത്തുന്നതും അവസാനംവരെയുള്ള സ്നേഹം കാണിക്കുന്നതുമായ ഒന്നാണ്. ആ സ്നേഹം ക്രൈസ്തവസമൂഹത്തിന്റെയും ഓരോ ശിഷ്യന്റെ ജീവിതത്തിന്റെയും അടിസ്ഥാനവും നിയമവും ആയിത്തീരാനുള്ളതാണ്.

യേശുവിന്റെ വാക്കുകൾ, എല്ലാറ്റിനുമുപരി മുഴുവൻ മനുഷ്യവംശത്തിനുംവേണ്ടിയുള്ള മറിയത്തിന്റെ മാതൃത്വപരമായ വിളിയുടെ ഉറവിടമാണ്. തന്റെ പുത്രന്റെ ശിഷ്യന്മാരെയും അവരുടെ ജീവിതയാത്രയെയും പരിപാലിക്കുന്ന അമ്മയാകാനാണ് മറിയത്തിന്റെ പ്രത്യേക നിയോഗം. തന്റെ പുത്രനോടോ പുത്രിയോടോ ഉള്ള ഒരമ്മയുടെ കരുതൽ അവരുടെ വളർച്ചയുടെ ഭൗതികവും ആത്മീയവുമായ തലങ്ങൾ ഉൾക്കൊള്ളുന്നതാണല്ലോ.

കുരിശുളവാക്കിയ അവാച്യമായ വേദന മറിയത്തിന്റെ ആത്മാവിൽ തുളച്ചുകയറിയെങ്കിലും (cf. ലൂക്കാ 2:35) അത് അവളെ തളർത്തിയില്ല. നേരേമറിച്ച്, കർത്താവിന്റെ അമ്മ എന്ന നിലയിൽ ആത്മദാനത്തിന്റെ പുതിയൊരുവഴി അവളുടെ മുമ്പിൽ തുറക്കപ്പെട്ടു. സഭയെയും മനുഷ്യവംശം മുഴുവനെയും സംബന്ധിച്ച തന്റെ ശ്രദ്ധ യേശു കുരിശിൽവച്ച് വ്യക്തമാക്കി. അതേ ശ്രദ്ധയിൽ പങ്കുചേരാൻ മറിയം വിളിക്കപ്പെട്ടു. പെന്തക്കുസ്താദിനത്തിലുണ്ടായ പരിശുദ്ധാത്മവർഷം പരാമർശിക്കുന്നിടത്ത് അപ്പസ്തോലപ്രവർത്തനങ്ങൾ വ്യക്തമാക്കുന്നത് മറിയം ഈ ദൗത്യം ആദിമസഭയിൽ നിർവഹിക്കാനാരംഭിച്ചു എന്നാണ്. ഒരിക്കലും അസ്തമിക്കാത്ത ഒരു ദൗത്യം!



2. പ്രിയശിഷ്യനായ യോഹന്നാൻ മെസയാനിക ജനമാകുന്ന സഭയുടെ പ്രതിരൂപമാണ്. അദ്ദേഹം മറിയത്തെ തന്റെ അമ്മയായി അംഗീകരിക്കണം. അങ്ങനെ ചെയ്തുകൊണ്ട് അവളെ തന്റെ ഭവനത്തിലേക്കു സ്വീകരിക്കണം; ശിഷ്യത്വത്തിന്റെയെല്ലാം മാതൃകയായി അവളെ കാണണം; യേശു അവൾക്കു നല്കിയ മാതൃത്വത്തിന്റെ വിളിയെക്കുറിച്ച് - അതിന്റെ എല്ലാ വിശദീകരണങ്ങളോടുകൂടി-ധ്യാനിക്കണം: യേശു കല്പിക്കുന്നതുപോലെ സ്നേഹിക്കാൻ കഴിവുള്ള കുട്ടികളെ ജനിപ്പിക്കുന്ന സ്നേഹമയിയായ ഒരമ്മ. അതുകൊണ്ടാണ് തന്റെ മക്കളെ സംരക്ഷിക്കാനുള്ള മറിയത്തിന്റെ മാതൃത്വപരമായ വിളി യോഹന്നാനും സഭയ്ക്കുപൊതുവായും ഭരമേല്പിക്കപ്പെട്ടിരിക്കുന്നത്. മറിയത്തിന്റെ മാതൃനിയോഗത്തിൽ ശിഷ്യസമൂഹം മുഴുവനും ഉൾച്ചേർന്നിരിക്കുന്നു.

3. ശിഷ്യനെന്ന നിലയിൽ യോഹന്നാൻ എല്ലാകാര്യങ്ങളും യേശുവുമായി പങ്കുവച്ചിരുന്നു. അതുകൊണ്ട് പിതാവുമായിട്ടുള്ള കണ്ടുമുട്ടലിലേക്ക് എല്ലാ ജനതകളെയും നയിക്കാൻ തന്റെ ഗുരു ആഗ്രഹിക്കുന്നുവെന്ന് അദ്ദേഹത്തിന് അറിയാം. അഹങ്കാരംമൂലമുള്ള ആധ്യാത്മിക രോഗങ്ങളാലും (cf. യോഹ 8:31-39), ശാരീരിക രോഗങ്ങളാലും (cf. യോഹ. 5:6) വലയുന്ന അനേകരെ യേശു കണ്ടുമുട്ടിയിട്ടുണ്ടെന്ന വസ്തുതയ്ക്കു സാക്ഷ്യംവഹിക്കാൻ യോഹന്നാനു സാധിക്കും. യേശു എല്ലാവരോടും കരുണ കാണിച്ചു. എല്ലാവരോടും ക്ഷമിച്ചു. ഓരോ കണ്ണീർത്തുള്ളിയും തുടച്ചുമാറ്റപ്പെടുന്ന ദൈവരാജ്യത്തിലെ സമൃദ്ധമായ ജീവന്റെ അടയാളമെന്ന നിലയിൽ രോഗികളെ അവിടുന്ന് സുഖപ്പെടുത്തി. മറിയത്തെപ്പോലെ പരസ്പരം കരുതാൻ ശിഷ്യന്മാർ വിളിക്കപ്പെട്ടിരിക്കുന്നു. മാത്രമല്ല, യേശുവിന്റെ ഹൃദയം എല്ലാവരുടെയും മുമ്പിൽ തുറക്കപ്പെട്ടിരിക്കുന്നുവെന്നും ആരെയും അത് ഒഴിവാക്കുന്നില്ലെന്നും ശിഷ്യന്മാർക്ക് അറിയാം. എല്ലാവരും വ്യക്തികളും ദൈവമക്കളുമായതിനാൽ ദൈവരാജ്യത്തിന്റെ സുവിശേഷം എല്ലാവരോടും പ്രഘോഷിക്കപ്പെടണം; ക്രൈസ്തവരുടെ പരസ്നേഹം എല്ലാവരിലേക്കും ചെന്നെത്തണം.

4. പതിതരെയും രോഗികളെയും സംബന്ധിച്ച് സഭയ്ക്കുള്ള മാതൃനിയോഗം അവളുടെ രണ്ടായിരം വർഷത്തിലെങ്ങും മൂർത്തമായി പ്രകാശിപ്പിക്കപ്പെട്ടിട്ടുണ്ട്. രോഗികൾക്കുവേണ്ടിയുള്ള ശ്രദ്ധേയമായ സംരംഭങ്ങളുടെ പരമ്പരകളിലൂടെ പ്രകാശിപ്പിക്കപ്പെട്ടിട്ടുണ്ട്. സമർപ്പണത്തിന്റെ ഈ ചരിത്രം മറക്കരുത്. ആ ചരിത്രം ഇക്കാലത്തും ലോകമെങ്ങും തുടരുന്നു. പര്യാപ്തമായ ആരോഗ്യപാലന സമ്പ്രദായങ്ങൾ നിലവിലുള്ള രാജ്യങ്ങളിൽ കത്തോലിക്കാ സഭയിലെ സമർപ്പിതസമൂഹങ്ങളുടെയും രൂപതകളുടെയും അവയുടെ ആശുപത്രികളുടെയും ജോലി നല്ല ചികിത്സ നല്കുകയെന്നതു മാത്രമല്ല. പിന്നെയോ സുഖദായക പ്രക്രിയയുടെ കേന്ദ്രത്തിൽ

വ്യക്തിയെ പ്രതിഷ്ഠിക്കുകയെന്നതുമാണ്. ജീവനോടും ക്രൈസ്തവ ധാർമ്മിക മൂല്യങ്ങളോടും ആദരവു പുലർത്തിക്കൊണ്ടുള്ള ശാസ്ത്രീയഗവേഷണം നടത്തുകയും ചെയ്യുന്നുണ്ട്. ആരോഗ്യ ശുശ്രൂഷാസമ്പ്രദായങ്ങൾ അപര്യാപ്തമായിരിക്കുകയോ ഇല്ലാതിരിക്കുകയോ ചെയ്യുന്ന രാജ്യങ്ങളിൽ ആരോഗ്യം വർദ്ധിപ്പിക്കാനും ശിശുമരണം ഒഴിവാക്കാനും സാംക്രമികരോഗങ്ങൾക്കെതിരേ പടപൊരുതാനും എന്തു ചെയ്യാനാവുമെന്നു സഭ അന്വേഷിക്കുന്നു. എല്ലായിടത്തും ശുശ്രൂഷനല്കാൻ അവൾ പരിശ്രമിക്കുന്നുണ്ട്. സുഖപ്പെടുത്തലിനു സാധ്യതയില്ലാത്തിടത്തും അങ്ങനെ ചെയ്യുന്നു. സഭയ്ക്ക് "യുദ്ധക്കളത്തിലെ ആശുപത്രി" എന്നൊരു പ്രതിഛായയുണ്ട്. അതു വസ്തുനിഷ്ഠമായ ഒന്നാണ്. ജീവിതത്തിൽ മുറിവേറ്റ എല്ലാവരെയും അതു സ്വാഗതംചെയ്യുന്നു. എന്തെന്നാൽ, ലോകത്തിന്റെ ചില ഭാഗങ്ങളിൽ മിഷണറിമാരുടെ ആശുപത്രികളും രൂപതകളുടെ ആശുപത്രികളും മാത്രമാണ് ജനങ്ങൾക്ക് അത്യാവശ്യമായ ശുശ്രൂഷ നല്കുന്ന സ്ഥാപനങ്ങൾ.

5. രോഗീശുശ്രൂഷയുടെ സുദീർഘമായ ഈ ചരിത്രത്തെക്കുറിച്ചുള്ള ഓർമ ക്രൈസ്തവ സമൂഹത്തിന് സന്തോഷിക്കാനുള്ള ഒരു കാരണമാണ്, പ്രത്യേകിച്ച് ഈ ശുശ്രൂഷയിൽ ഇന്ന് ഏർപ്പെട്ടിരിക്കുന്നവർക്ക്. എന്നാലും നമ്മൾ സർവോപരി ഭൂതകാലത്തേക്കു നോക്കണം, അതു നമ്മെ സമ്പന്നരാക്കാൻവേണ്ടിത്തന്നെ. അതു നമ്മെ പഠിപ്പിക്കുന്ന പാഠം നാം പഠിക്കണം. രോഗികളെ ശുശ്രൂഷിക്കാൻവേണ്ടി സ്ഥാപനങ്ങൾ സ്ഥാപിച്ച അനേകരുടെ ആത്മപരിത്യാഗപരമായ ഔദാര്യത്തെക്കുറിച്ച് അതു പഠിപ്പിക്കുന്നു. നൂറ്റാണ്ടുകളായി സമാരംഭിച്ചതും പരസ്നേഹത്താൽ പ്രചോദിപ്പിക്കപ്പെട്ടതുമായ അനേകം സംരംഭങ്ങളെ ഓർമിക്കണം. രോഗികൾക്ക് നവീനവും ആശ്രയയോഗ്യവുമായ മാർഗങ്ങളെ ശാസ്ത്രീയ ഗവേഷണങ്ങളിലൂടെ കണ്ടെത്താൻ നടത്തിയ പരിശ്രമങ്ങളെ നാം സ്മരിക്കണം. ഭൂതകാലത്തെ ഈ ഇഷ്ടദാനം കൂടുതൽ നല്ല ഭാവി കെട്ടിപ്പടുക്കുവാൻ നമ്മെ സഹായിക്കും. ഉദാഹരണമായി, ആതുരശുശ്രൂഷയെ ലാഭകരമായ സംരംഭമാക്കാൻ ലോകവ്യാപകമായി പരിശ്രമിക്കുന്ന വ്യാവസായിക മനോഭാവത്തിൽനിന്ന് കത്തോലിക്കാ ആശുപത്രികളെ സംരക്ഷിക്കണം. ലാഭമുണ്ടാക്കാനുള്ള സംരംഭം ദരിദ്രരെ അവഗണിക്കുന്നു. രോഗികളുടെ മഹത്ത്വത്തെ ആദരിക്കണമെന്നത് വിവേകപൂർണമായ സംഘാടനവും പരസ്നേഹവും ആവശ്യപ്പെടുന്നു. ചികിത്സയിലെങ്ങും വ്യക്തിമഹത്ത്വത്തോടുള്ള ബഹുമാനം കേന്ദ്രസ്ഥയാഥാർത്ഥ്യമായി സൂക്ഷിക്കണമെന്ന് അത് ആവശ്യപ്പെടുന്നു. പൊതുസ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന ക്രൈസ്തവർക്കും ഈ സമീപനമുണ്ടായിരിക്കണം. അവരും സേവനത്തിലൂടെ സുവിശേഷത്തിന് സാക്ഷികളാവണം- ഉത്തമബോധ്യം നല്കുന്ന സാക്ഷികളാകണം.



6. യേശു സഭയ്ക്കു തന്റെ സൗഖ്യദായക ശക്തി നല്കി. "വിശ്വസിക്കുന്നവരോടുകൂടെ ഈ അടയാളങ്ങൾ ഉണ്ടായിരിക്കും... അവർ രോഗികളുടെമേൽ കൈകൾ വയ്ക്കും. അവർ സുഖംപ്രാപിക്കുകയും ചെയ്യും" (മർക്കോ 16:17-18). വിശുദ്ധ പത്രോസും (cf. അപ്പ 3:4-8) വിശുദ്ധ പൗലോസും (cf. അപ്പ 14:8-11) സൗഖ്യദായക പ്രവൃത്തികൾ ചെയ്തതിന്റെ വിവരണം അപ്പസ്തോലപ്രവർത്തനങ്ങളിൽ നാം വായിക്കുന്നുണ്ട്. സഭയുടെ ദൗത്യം യേശുവിന്റെ ദാനത്തോടുള്ള പ്രത്യുത്തരമാണ്. എന്തെന്നാൽ രോഗികളിലേക്ക് യേശുവിന്റെതന്നെ നോട്ടം എത്തണമെന്ന് സഭയ്ക്ക് അറിയാം. അവിടത്തെ നോട്ടം വൈകാരികതയും സഹതാപവും നിറഞ്ഞതാണ്. ആരോഗ്യദായകശുശ്രൂഷ എപ്പോഴും അത്യാവശ്യമായിട്ടുള്ളതും മൗലികമായിട്ടുള്ളതുമാണ്; എല്ലാവരും നവീകൃതമായ ആവേശത്തോടെ ചെയ്യേണ്ടതുമാണ്. ഇടവകസമൂഹം മുതൽ ഏറ്റവും വലിയ ആരോഗ്യദായക സ്ഥാപനങ്ങൾവരെ അങ്ങനെ ചെയ്യണം. സ്ഥിരരോഗികളായിട്ടുള്ളവരെ അല്ലെങ്കിൽ ഗൗരവപൂർണമായ രീതിയിൽ അംഗവൈകല്യമുള്ള കുട്ടികളെയും മാതാപിതാക്കളെയും ബന്ധുക്കളെയും അനേകം കുടുംബങ്ങൾ ശുശ്രൂഷിക്കുന്നുണ്ട്. അവരുടെ വാത്സല്യവും സ്ഥിരോത്സാഹവും നമുക്കു മറക്കാനാവുകയില്ല. കുടുംബങ്ങൾക്കുള്ളിൽത്തന്നെ നല്കപ്പെടുന്ന ശുശ്രൂഷ മനുഷ്യവ്യക്തിയോടുള്ള സ്നേഹത്തിന്റെ അസാധാരണമായ സാക്ഷ്യമാണ്. അതു വേണ്ടവിധം അംഗീകരിക്കപ്പെടണം; സമുചിതമായ നയങ്ങളാൽ പിന്തുണയ്ക്കപ്പെടുകയും വേണം. ഡോക്ടർമാരും നേഴ്സുമാരും വൈദികരും സമർപ്പിതരായ സ്ത്രീപുരുഷന്മാരും സന്നദ്ധസേവകരും കുടുംബങ്ങളും രോഗികളെ ശുശ്രൂഷിക്കുന്ന എല്ലാവരും സഭാപരമായ ഈ ദൗത്യത്തിൽ പങ്കുചേരുന്നുണ്ട്. ഇത് പങ്കുവയ്ക്കപ്പെടുന്ന ഒരു ഉത്തരവാദിത്വമാണ്; ഓരോ വ്യക്തിയും ഓരോ ദിവസവും ചെയ്യുന്ന സേവനത്തിന്റെ മൂല്യത്തെ വർദ്ധിപ്പിക്കുന്നതുമാണ്.

7. ശരീരത്തിലും ആത്മാവിലും രോഗികളായിട്ടുള്ള എല്ലാവരെയും വാത്സല്യത്തിന്റെ അമ്മയായ മറിയത്തിനു സമർപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു- അവരെ അവൾ പ്രത്യാശയിൽ നിലനിറുത്താൻ വേണ്ടിത്തന്നെ. രോഗികളായ സഹോദരീസഹോദരന്മാരെ സ്വാഗതം ചെയ്യുന്നവരാകാൻ നമ്മെ സഹായിക്കണമേ എന്ന് ഞാൻ അവളോടു പ്രാർത്ഥിക്കുന്നു. രോഗികളെ ശുശ്രൂഷിക്കുകയെന്ന സുവിശേഷപരമായ കടമ നിർവഹിച്ചുകൊണ്ടു ജീവിക്കാൻ പ്രത്യേകമായ ദൈവകൃപ തനിക്ക് ആവശ്യമാണെന്ന് സഭയ്ക്ക് അറിയാം. ദൈവമാതാവിനോടുള്ള നമ്മുടെ പ്രാർത്ഥനയിലെ ഐക്യം നിരന്തരമായ ഒരു യാചനയായിരിക്കട്ടെ; ജീവനെയും ആരോഗ്യത്തെയും സേവിക്കുവാനുള്ള വിളിയെ സ്നേഹിച്ചുകൊണ്ട് ഓരോ സഭാംഗവും ജീവിക്കുവാനുള്ള യാചനയായിരിക്കട്ടെ. ഇരുപത്തിയാറാമത്തെ

ഈ ലോകരോഗീദിനത്തിൽ കന്യകാമറിയം മാധ്യസ്ഥത വഹിക്കട്ടെ. സഹിക്കുന്നവർ തങ്ങളുടെ സഹനത്തെ കർത്താവായ യേശുവിന്റെ സഹനത്തോടുചേർത്ത് സഹിക്കുവാൻ അവൾ സഹായിക്കട്ടെ. സഹിക്കുന്നവരെ ശുശ്രൂഷിക്കുന്ന എല്ലാവരെയും അവൾ പിന്താങ്ങട്ടെ. രോഗികളും, ശുശ്രൂഷാദായകരും സന്നദ്ധസേവകരുമായ എല്ലാവർക്കും ഞാൻ ഹൃദയപൂർവം അപ്പസ്തോലികാശീർവാദം നല്കുന്നു.

വത്തിക്കാനിൽനിന്ന് 26 നവംബർ 2017

പ്രപഞ്ചരാജാവായ യേശുക്രിസ്തുവിന്റെ തിരുനാൾ ദിനം

**ഫ്രാൻസിസ് മാർപാപ്പ**

Ref:3054/K-5/KCBC/OL/DS 30.12.2017

## കേരളസഭയിൽ യുവജനവർഷാചരണം സംബന്ധിച്ച് കെസിബിസി പുറപ്പെടുവിക്കുന്ന സർക്കുലർ

2018 ഒക്ടോബർ മാസം റോമിൽവച്ച് നടക്കാനിരിക്കുന്ന മെത്രാന്മാരുടെ സിനഡിന്റെ പശ്ചാത്തലത്തിൽ കേരളത്തിലെ യുവജനശുശ്രൂഷയെ കൂടുതൽ ശക്തിപ്പെടുത്തുക, തിരുസഭയുടെ മറ്റ് ശുശ്രൂഷാമേഖലകളിലൂടെ യുവജന ശുശ്രൂഷാ ചൈതന്യം സഭയിലെയും സമൂഹത്തിലെയും എല്ലാ മേഖലകളിലേക്കും വ്യാപിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെ 2018 ജനുവരി 6 മുതൽ 2019 ജനുവരി 6 വരെയുള്ള കാലഘട്ടം കേരളസഭയിൽ യുവജനവർഷമായി കെസിബിസി പ്രഖ്യാപിക്കുകയാണ്. ആരാധനക്രമവത്സരമനുസരിച്ച് ജനുവരി 6 കർത്താവിന്റെ മാമ്മോദീസയെ അനുസ്മരിക്കുന്ന ദിനമാണ്. യുവാവായ യേശുനാഥനെക്കുറിച്ചുള്ള പിതാവായ ദൈവത്തിന്റെ സ്വരം സ്വർഗത്തിൽനിന്നും മുഴങ്ങിക്കേട്ട ദിനമാണ് അന്ന്: “ഇവനെന്റെ പ്രിയപുത്രൻ, ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു” (ലൂക്ക 3:22). ഓരോ യുവാവിനെയും യുവതിയെയും കുറിച്ച് ലോകത്തോടുള്ള പിതാവായ ദൈവത്തിന്റെ പ്രഖ്യാപനമാണിത്. യുവാവായ യേശുവിന്റെ പരസ്യജീവിത കാലത്തിനു മുന്നോടിയായുള്ള മാമ്മോദീസായുടെ ഈ ദിനം യുവജനവർഷത്തിന്റെ പ്രാരംഭമാകുന്നത് ദൈവനിയോഗമാണ്.

മെത്രാന്മാരുടെ സിനഡിന്റെ 15-ാം പൊതുസമ്മേളനത്തിനുവേണ്ടിയുള്ള ഒരുക്കരേഖ 2017 ജനുവരി 13-ന് സഭാതലവനായ ഫ്രാൻസിസ് പാപ്പ പ്രസിദ്ധീകരിക്കുകയുണ്ടായി. “യുവജനം, വിശ്വാസം, വിളി സംബന്ധമായ വിവേചിച്ചറിയൽ” എന്ന വിഷയത്തെ ആസ്പദമാക്കിയാണ് സിനഡ് വിളിച്ചുകൂട്ടപ്പെടുന്നത്. ലോകത്താകമാനമുള്ള ദൈവമക്കൾ സഭാപിതാക്കന്മാരോടൊപ്പം യുവജനങ്ങളെക്കുറിച്ച് പ്രത്യേകമായി



ചിന്തിക്കുകയും പഠിക്കുകയും ചെയ്യുന്ന ഈ വർഷം ‘യുവജനവർഷ’മായി കേരളത്തിൽ ആചരിക്കപ്പെടുന്നത് കാലഘട്ടത്തിന്റെ ആവശ്യവും ദൈവികപദ്ധതിയുമാണ്. ഫ്രാൻസിസ് പാപ്പയുടെ വാക്കുകളിൽ പറഞ്ഞാൽ, യുവജനങ്ങളുടെ ശബ്ദം കേൾക്കപ്പെടേണ്ട ഒരു കാലഘട്ടമാണിത്.

ഈ യുവജനവർഷത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് ഈ വരുന്ന ഒരു വർഷത്തേക്കുള്ള കർമ്മ പദ്ധതികൾ രൂപപ്പെടുത്തുന്നതിന് കേരളത്തിലെ 32 രൂപതകളും പ്രത്യേകം ശ്രദ്ധിക്കുമല്ലോ. കേരളസഭയിലെ എല്ലാ ശുശ്രൂഷാമേഖലകളും സിനഡ് മുന്നോട്ടുവയ്ക്കുന്ന ആശയങ്ങളെ പ്രവൃത്തിപഥത്തിൽ എത്തിക്കുവാൻവേണ്ട ക്രമീകരണങ്ങൾ വിഭാവനംചെയ്യണമെന്ന് ഓർമിപ്പിക്കുന്നു. അതിനായി വചനപ്രഘോഷണം, വിദ്യാഭ്യാസം, ആരോഗ്യപരിപാലനം, കുടുംബ ശുശ്രൂഷ, തടവറപ്രേഷിതത്വം, വിശ്വാസപരിശീലന രംഗം, സാമൂഹ്യ ശുശ്രൂഷ എന്നീ മേഖലകളിൽ പ്രവർത്തിക്കുന്നവരും സംഘടനകളും സെമിനാരികളും സന്ന്യാസപരിശീലന കേന്ദ്രങ്ങളും യുവജനങ്ങളുമായി ബന്ധപ്പെട്ട പഠനങ്ങളും ചർച്ചകളും കർമ്മപരിപാടികളും സംഘടിപ്പിക്കാൻ ശ്രദ്ധിക്കണം. കേരളത്തിലെ എല്ലാ യുവജനസംഘടനകളും അവരുടെ ശുശ്രൂഷാമേഖലകളെ ശക്തിപ്പെടുത്താനുതകുന്ന സംഘടനാപരവും കൂട്ടായും ഉള്ള പൊതു ഇടങ്ങൾ സൃഷ്ടിക്കാൻ ശ്രദ്ധിക്കണം.

നമ്മുടെ യുവജനങ്ങൾ നേരിടുന്ന അനവധിയായ പ്രശ്നങ്ങൾ കണ്ടില്ലെന്നു നടിക്കാനാവില്ല. വിദ്യാഭ്യാസലോൺ മൂലവും തൊഴിലില്ലായ്മ മൂലവും നട്ടംതിരിയുന്ന യുവജനങ്ങളുടെ എണ്ണം പെരുകുകയാണ്. ലഹരിക്കും അസാന്മാർഗികതയ്ക്കും അടിമകളാകുന്നവരിലും ജയിലുകളിൽ കഴിയുന്നവരിലും ആത്മഹത്യയിൽ അഭയംകണ്ടെത്തുന്നവരിലും നല്ലൊരു പങ്കും യുവജനങ്ങളാണെന്നതിൽ സംശയമില്ലല്ലോ. നാനാവിധ വശീകരണശ്രമങ്ങൾക്കു വശംവദരായി കെണിയിൽപ്പെടുന്നവരും യുവതീയുവാക്കൾതന്നെ. ക്രൈസ്തവവിശ്വാസത്തോടു വിടപറഞ്ഞ് തീവ്രവാദപ്രസ്ഥാനങ്ങളിൽപ്പോലും നമ്മുടെ ഏതാനും ചില യുവതീയുവാക്കൾ ചെന്നെത്തിയെന്നത് നമ്മെ ഞെട്ടിപ്പിക്കുന്ന യാഥാർഥ്യമാണ്. ഇത്തരത്തിൽ യുവജനം കടന്നുപോകുന്ന വിദ്യാഭ്യാസപരവും തൊഴിൽപരവും സാമൂഹികവും ധാർമികവും മതപരവുമായ മേഖലകൾ ഗൗരവപൂർണമായ പഠനത്തിനും വിചിന്തനത്തിനും വിധേയമാകേണ്ടതാണ്. അവയ്ക്ക് ഫലപ്രദമായ പരിഹാരമാർഗങ്ങൾ കണ്ടെത്തിയേ തീരൂ.

മൂന്നു വ്യക്തിഗതസഭകൾക്കും പൊതുവായുള്ള ഔദ്യോഗിക യുവജനസംഘടനയായ കെസിവൈഎം അതിന്റെ റൂബി ജൂബിലി

ആഘോഷിക്കുന്ന ഈ കാലയളവിൽത്തന്നെ കേരളസഭ യുവജന വർഷം ആചരിക്കുന്നു എന്നത് ഏറെ അർഥവത്താണ്. ഈ വർഷത്തിൽ സിനഡൊരുക്കരേഖയും സഭയുടെ യുവജനപ്രബോധനങ്ങളും നമ്മുടെ ആഴമായ പഠനത്തിനും വിചിന്തനത്തിനും വിഷയീഭവിക്കണം. പരമ്പരാഗതമായ യുവജന ശുശ്രൂഷാരീതികൾ, ആവശ്യമെങ്കിൽ ഒരു പുനർവായനയ്ക്ക് വിധേയമാക്കണം.

കേരളത്തിലെ യുവജനശുശ്രൂഷകളെ ഒന്നിപ്പിക്കുന്ന KCBC Commission for Youth-ന്റെ കുടക്കീഴിൽ കേരളത്തിലെ എല്ലാ കത്തോലിക്ക യുവജന സംഘടനകളും കൂടുതൽ കാര്യക്ഷമതയോടെ ഒന്നിച്ചുവർത്തിക്കുന്നത്, യുവജനങ്ങളുടെ സഭാ-സാമൂഹ്യപ്രതിബദ്ധതയ്ക്ക് പുതിയ മുഖവും ചടുലതയും പ്രദാനംചെയ്യും. ഒപ്പം, മറ്റു സഹോദര സഭകളുമായി ശക്തമായ ഒരു സഹവർത്തിത്വത്തിന്റെ യുവജനശുശ്രൂഷ വളർത്തിക്കൊണ്ടുവരേണ്ടത് കാലത്തിന്റെ ആവശ്യമാണ്.

സഭയുടെയും സമൂഹത്തിന്റെയും യുവജനങ്ങളോടുള്ള ഉത്തരവാദിത്വം മറ്റേതു കാലഘട്ടത്തെയുംകാൾ വർധിച്ചിരിക്കുന്നു. ഫ്രാൻസിസ് പാപ്പ ഒരുക്കരേഖയിൽ സൂചിപ്പിക്കുംപോലെ മാതാപിതാക്കൾ, അജപാലകർ, അധ്യാപകർ, പരിശീലനമേഖലകളിൽ സേവനം ചെയ്യുന്നവർ എന്നിവരുടെ ജീവിതസാക്ഷ്യം കൂടുതൽ സൂക്ഷ്മത ആവശ്യപ്പെടുന്നു. അനുദിന ജീവിതത്തിൽ ദൈവഹിതം തിരിച്ചറിയാനും വ്യാഖ്യാനിക്കാനും തിരഞ്ഞെടുക്കാനും യുവജനങ്ങളെ പ്രാപ്തരാക്കുന്നതോടൊപ്പം സ്വയം പ്രാപ്തരാകാനും യുവതയുടെ സഹചാരികൾക്കു കടമയുണ്ട്. യുവജനങ്ങളോടൊപ്പമുള്ള ഇവരുടെ യാത്ര, മുഴുവൻ ക്രൈസ്തവസമൂഹത്തെയും പടുത്തുയർത്തുന്ന മൂലക്കല്ലാകും (cf. യുവജനം, വിശ്വാസം, വിളിസംബന്ധമായ തിരിച്ചറിയൽ).

ഫ്രാൻസിസ് പാപ്പായുടെ ഹൃദയത്തോടു ചേർന്നുനിന്നുകൊണ്ട് തിരുസഭയുടെ യുവജന ചിന്തകൾക്ക് കേരള സംസ്ഥാനത്തിൽ ഒരു പുതിയ മുഖം നിർമിച്ചെടുക്കുവാൻ, യുവജനങ്ങളോട് ചോദിച്ചും മുതിർന്നവരോട് സംവദിച്ചും കാലഘട്ടത്തിന്റെ സ്പന്ദനങ്ങൾ വായിച്ചെടുത്തും വിശ്വാസത്തിലധിഷ്ഠിതമായ ഒരു യുവജന ശുശ്രൂഷാമേഖല വളർത്തിയെടുക്കാൻ ഈ യുവജനവർഷത്തിൽ സാധ്യമാകട്ടെ എന്ന് പ്രാർഥിച്ചുകൊണ്ട്,

**ആർച്ചുബിഷപ് ഡോ. എം. സൂസ പാക്യം**
പ്രസിഡന്റ്, കെസിബിസി
**ബിഷപ് ഡോ. ജോസഫ് മാർ തോമസ്**
ചെയർമാൻ, കെസിബിസി യൂത്ത് കമ്മീഷൻ



Ref: 3062/K-5/KCBC/OL/DS 17.1.2018

## 2018 ഫെബ്രുവരി 11 തിരുബാലസഖ്യദിനം

### കെസിബിസി വൊക്കേഷൻ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

ക്രിസ്തുവിൽ പ്രിയ സഹോദരരേ,

ഈ വർഷം സാർവ്വത്രികസഭ തിരുബാലസഖ്യദിനം ആചരിക്കുന്നത് ഇന്നേ ദിനം (11.02.2018) ആണ്. യേശുവിന്റെ ബാല്യം അനുസ്മരിച്ചുകൊണ്ട് നമ്മുടെ കുട്ടികളെ സഭയ്ക്കും സമൂഹത്തിനും ഉപകാരികളാക്കി പരമോന്നതനായ ദൈവത്തിന്റെ ഉപരിമഹത്വത്തിനായി വളർത്തി വലുതാക്കുകയാണ് മാതാപിതാക്കളുടെയും മുതിർന്നവരുടെയും കടമ. തിരുബാലസഖ്യദിനം ആചരിക്കുമ്പോൾ തിരുബാലസഖ്യ കൂട്ടായ്മയിലെ എല്ലാ കുട്ടികൾക്കും അവരെ നയിക്കുന്നവർക്കും ആശംസകൾ നേരുന്നു. അതോടൊപ്പം എല്ലാ മാതാപിതാക്കളും മുതിർന്നവരും ചിന്തിക്കുവാനും പ്രവർത്തിക്കുവാനും വേണ്ടി ചില ചിന്തകൾ പങ്കുവയ്ക്കുന്നു.

ദൈവത്തിന്റെ ദാനമാണ് മക്കൾ. അവരെ വിശ്വാസത്തിലും വിശുദ്ധിയിലും വളർത്തണം എന്നതാണ് ദൈവത്തിന്റെ പദ്ധതി. മാതാപിതാക്കൾ ഒരുമിച്ച് നടപ്പിലാക്കേണ്ട പദ്ധതിയാണിത്. എന്നാൽ ഇന്ന് പല കാരണങ്ങളാൽ കുട്ടികളിൽനിന്നും അകന്നുജീവിക്കുന്ന മാതാപിതാക്കളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുവരുന്നു. കുടുംബത്തിന്റെ സാമ്പത്തിക ഭദ്രതയ്ക്കും ക്ഷേമത്തിനും വേണ്ടി മറുനാടുകളിലും അകലങ്ങളിലും ജീവിക്കുന്ന മാതാപിതാക്കൾക്ക് ഈ അകലം തികച്ചും വേദനാജനകം തന്നെ. എന്നാൽ അതോടൊപ്പം പക്വതയോടെ മക്കളുടെ വളർച്ചയ്ക്കുവേണ്ടി തീരുമാനമെടുക്കേണ്ടി വരുമ്പോൾ ശ്രദ്ധാപൂർവ്വം അതു ചെയ്യുവാൻ സാധിക്കാത്തവരും ഉണ്ട്.

ചിലപ്പോഴെങ്കിലും ഒരേ ഭവനത്തിൽ ജീവിക്കുന്നവർ പരസ്പരം മറന്ന് ജീവിക്കുന്നുവെന്നത് തികച്ചും ദുഃഖകരമായ കാര്യമാണ്. കൊച്ചുകുട്ടികളെ നാം ഇന്ന് കൂടുതലായി കാണുന്നത് മാതാപിതാക്കളുടെ കൂടെയല്ല, മറിച്ച്, ടി വി യുടെയും സ്മാർട്ട് ഫോണിന്റെയും കൂടെയാണ്. ഇവയൊക്കെയും സങ്കേതികതലത്തിൽ ഇവരുടെ ബുദ്ധിവികാസത്തിന് ഉപകരിക്കുമെങ്കിലും ഇവയുടെ അനിയന്ത്രിതമായ ഉപയോഗം ശാരീരികമായും മാനസികമായും ആത്മീയമായും കുട്ടികളെ ദോഷകരമായി ബാധിക്കുന്നുണ്ട്. സ്വാർത്ഥലോകത്തേക്ക് അവർ ഒതുങ്ങുകയും ആത്മീയതയുടെ അടിസ്ഥാനങ്ങൾ ഇല്ലാതാവുകയും ചെയ്യും. ചിന്താലോകത്തു വളർന്നുവരുന്ന കുട്ടികളുടെ ബോദ്ധ്യ

തലങ്ങൾ രൂപപ്പെടേണ്ടിടത്ത് അമ്മയ്ക്കുപകരം വിവര സാങ്കേതികത നിന്നാൽ ശിഥിലമാവുന്നത് കുടുംബങ്ങളായിരിക്കും. താത്കാലിക ലാഭത്തിനുവേണ്ടിയും സ്വസ്ഥതയ്ക്കുവേണ്ടിയും ഇത്തരം ശീലങ്ങൾ കുട്ടികളിൽ വളർത്തിയാൽ അതേ ദുഃശ്ശീലങ്ങൾ വളർന്ന് ഭാവിയുടെ കണ്ണീരായി മാറുമെന്ന തിരിച്ചറിവുണ്ടാകണം.

ഇന്നിന്റെ സാമൂഹികസമ്പർക്കമാധ്യമങ്ങളിൽ സെൽഫികളും പ്രകടനങ്ങളും ഒക്കെയുണ്ട്. സ്വയം വെളിപ്പെടുത്തുക, സ്വന്ത വിചാരങ്ങൾപോലും കാറ്റത്തു വിതറുന്ന പഞ്ഞി പോലെ 'നെറ്റിൽ' ഇടുക എന്നതുമൊക്കെ ഇന്നിന്റെ രീതികളാണ്. പ്രൗഢിയുടെയും പരസ്യത്തിന്റെയും പിന്നിൽ ഒത്തിരി തിന്മകൾ ഒളിച്ചിരിക്കുന്നുണ്ടാകാം. ഉയർന്നുവരുന്ന ആത്മഹത്യാനിരക്കുകളും വിവാഹമോചനങ്ങളും ശ്രദ്ധാപൂർവ്വം വിശകലനം ചെയ്യപ്പെടേണ്ടതാണ്.

അതോടൊപ്പം സ്നേഹത്തിന്റെയും വിനയത്തിന്റെയും വഴികളിൽ കുഞ്ഞുമക്കളെ വളർത്തുവാൻ മാതാപിതാക്കൾ പഠിക്കണം. കിട്ടുന്ന ലൈക്കുകളുടെ എണ്ണം നോക്കി സ്വന്തം മൂല്യമളക്കുകയെന്ന പ്രവർത്തനരീതികൾ വികലമായ ഭാവിയാണ് നിർമ്മിക്കുന്നത്. കുഞ്ഞുമക്കൾ സ്വയം പ്രദർശിപ്പിച്ച് ജനശ്രദ്ധയാകർഷിക്കുമ്പോൾ അക്കൂട്ടത്തിൽ കുട്ടികളെയും കുടുംബത്തെത്തന്നെയും കൊത്തിവിഴുങ്ങാൻ കഴിവുള്ള കഴുകന്മാർ നമ്മുടെ ചുറ്റും ഉണ്ടെന്നു തിരിച്ചറിയുന്നത് നല്ലതാണ്. ഗുരുസ്ഥാനീയരും ആത്മജ്ഞാനമുള്ളവരും ജീവിതത്തിന്റെ യഥാർത്ഥ മൂല്യമറിയുകയും അതിനുചേർന്ന പരിശീലനം കുഞ്ഞുതലമുറയ്ക്കു നല്കുകയും ചെയ്യും.

കുടുംബത്തിന്റെ ആത്മാവിഷ്ക്കാരം തെളിയുന്നത് ഒന്നിച്ചുള്ള ഈ പ്രയാണത്തിലാണ്. സ്നേഹത്തിന്റെ സന്തോഷം എന്ന പ്രബോധനത്തിൽ (266, 267, 274) ഫ്രാൻസിസ് മാർപാപ്പാ പറയുന്നതുപോലെ ദൈനംദിന ജീവിതത്തിലെ ആത്മീയതയിലാണ് ഒരുമ കാണപ്പെടുന്നത്. സന്തോഷത്തിലും സന്താപത്തിലും ഒക്കെ ജീവിതസഖിയെയും ദൈവം തന്ന സമ്മാനമായ മക്കളെയും ഹൃദയത്തോടു ചേർത്തുനിർത്തി യാത്ര ചെയ്യാനാവുക എന്നതാണ് പുണ്യം. സുരക്ഷിതത്വത്തിലേക്കായാലും സമ്പത്തിലേക്കായാലും കുടുംബത്തിലെ എല്ലാ അംഗങ്ങളും ഒന്നിച്ചുള്ള പ്രയാണം ആത്മീയതയുടെ അടയാളംതന്നെയാണ്.

പ്രിയ സഹോദരങ്ങളേ, തിരുബാലസഖ്യ ദിനവുമായി ബന്ധപ്പെട്ട് ചിന്തിക്കുമ്പോൾ നാം സൂക്ഷിക്കേണ്ട ചില മേഖലകളാണ് ഇവിടെ സൂചിപ്പിച്ചത്. കൂടുതൽ കൂടുതൽ അകന്നുപോകുന്ന ശൈശവങ്ങളെ വിശ്വാസത്തിന്റെ തലത്തിലേക്കും സാന്മാർഗികതയുടെ നന്മയിലേക്കും കൈപിടിച്ച് നടത്തേണ്ടത് അത്യാവശ്യമായ കാര്യമാണ്. കുട്ടികൾ



വളരുന്ന സംസ്കാരം വളരെ കൃത്യതയോടുകൂടെ പരുവപ്പെടുത്തി എടുക്കേണ്ടതാണ്. വർഗീയതയും നിരീശ്വരത്വവും ഒക്കെ വളരുന്ന ഈ കാലഘട്ടത്തിൽ വിശ്വാസസത്യങ്ങൾ മുറുകെപ്പിടിക്കുവാനും സഹവർത്തിത്വത്തിന്റെ പാതയിലൂടെ വളരുവാനും വളർത്തുവാനും നമ്മൾ ശ്രദ്ധിക്കേണ്ടതാണ്.

സ്നേഹത്തിന്റെ സന്തോഷം എന്ന പ്രബോധനത്തിൽ ഫ്രാൻസിസ് മാർപാപ്പാ ഊന്നിപ്പറയുന്നതുപോലെ നല്ല ശീലങ്ങൾ വളർത്തിയെടുക്കുവാനും മനഃസാക്ഷിയുടെ ശരിയായ രൂപീകരണത്തിനും നല്ല ഒരു വളർച്ചാസംസ്കാരം നമ്മുടെ കുടുംബങ്ങളിലും ഇടവകകളിലും സ്ഥാപനങ്ങളിലും ഉണ്ടാക്കിയെടുക്കേണ്ടതുണ്ട്. കുട്ടികളുടെ ശാരീരികവും മാനസികവും ബൗദ്ധികവും ആത്മീയവുമായ ഒരു സമഗ്ര വളർച്ച മൂല്യബന്ധിതമായി നടക്കണമെങ്കിൽ വിവരസാങ്കേതികവിദ്യകളുടെ കൂടെ ശരിയായ മനഃസാക്ഷിയും കൂടി രൂപപ്പെടുത്തിക്കൊടുക്കേണ്ടതുണ്ട്. ഇതിനായി ഓരോ കുടുംബവും ഓരോ ഇടവകയും ശ്രദ്ധിക്കണം. നമ്മുടെ ഈ പ്രവർത്തനങ്ങളെ കാരുണ്യവാനായ ദൈവം അനുഗ്രഹിക്കട്ടെ.

പ്രാർത്ഥനാശംസകളോടെ,

**ബിഷപ്പ് വിൻസെന്റ് സാമുവൽ**

ചെയർമാൻ, കെസിബിസി വൊക്കേഷൻ കമ്മീഷൻ

**ആർച്ചുബിഷപ് മാർ ജോസഫ് പെരുന്തോട്ടം**

**വൈസ് ചെയർമാൻ, കെസിബിസി വൊക്കേഷൻ കമ്മീഷൻ**

NB: 2018 ഫെബ്രുവരി 11-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിച്ച് വിശദീകരിച്ചുകൊടുക്കേണ്ടതാണ്.

# മദ്യവിരുദ്ധ ഞായർ, 18 ഫെബ്രുവരി 2018
## കെസിബിസി മദ്യവിരുദ്ധ സമിതി പുറപ്പെടുവിക്കുന്ന സർക്കുലർ

മിശിഹായിൽ പ്രിയപ്പെട്ടവരേ,

കേരള കത്തോലിക്കാസഭ 2018 ഫെബ്രുവരി 18-ാം തീയതി മദ്യവിരുദ്ധ ഞായറായി ആചരിക്കുകയാണ്. വലിയ നോമ്പിന്റെ മൂന്നാമത്തെ ഞായറാഴ്ചയാണ് മദ്യവിരുദ്ധ ഞായറായി ആചരിച്ചു പോരുന്നത്. വിശുദ്ധ നോമ്പ് പ്രാർത്ഥനയുടെയും ഉപവാസത്തിന്റെയും നവീകരണത്തിന്റെയും കാലഘട്ടമാണ്. വ്യക്തിപരവും സമൂഹപരവുമായ

ഒരു നവീകരണത്തിനാണ് നോമ്പുകാലം നമ്മെ ക്ഷണിക്കുന്നത്. വ്യക്തികളെയും കുടുംബങ്ങളെയും സമൂഹത്തെയും നശിപ്പിക്കുന്ന തിന്മകളിൽ നിന്നും പാപസാഹചര്യങ്ങളിൽ നിന്നും അകന്നു നിൽക്കണമെന്ന് ഓരോ നോമ്പുകാലവും നമ്മെ ആഹ്വാനം ചെയ്യുന്നു. നമ്മുടെ സമൂഹത്തിൽ വർദ്ധിച്ചുവരുന്ന തിന്മയാണ് മദ്യത്തിന്റെയും ലഹരിയുടെയും ഉപയോഗം. മദ്യാസക്തി ദുർമോഹങ്ങളിലേക്ക് നയിക്കുന്നതാണെന്നും അന്ധകാരത്തിന്റെ പ്രവൃത്തിയാണെന്നും തിരുവചനം നമ്മെ ഓർമ്മപ്പെടുത്തുന്നു (റോമ 13: 13-14). മദ്യപാനി ദൈവരാജ്യം അവകാശമാക്കുകയില്ല (1 കൊറി. 6:10) എന്ന പൗലോസ് ശ്ലീഹായുടെ പ്രഖ്യാപനംതന്നെ മദ്യാസക്തി എന്ന തിന്മയുടെ ഗൗരവം നമ്മെ ബോധ്യപ്പെടുത്തുന്നതാണ്. "പകലിന് യോജിച്ചവിധം പെരുമാറാം. സുഖലോലുപതയിലോ, മദ്യലഹരിയിലോ, അവിഹിത വേഴ്ചകളിലോ, വിഷയാസക്തിയിലോ, കലഹങ്ങളിലോ, അസൂയയിലോ വ്യാപരിക്കരുത്" (റോമ 13:13). ജീവിത ബലഹീനതകളിൽനിന്ന് അകന്ന് പ്രകാശത്തിന്റെ മക്കളാകുവാൻ തിരുസഭ നമ്മെ ക്ഷണിക്കുന്ന ഈ നോമ്പുകാലം മദ്യമെന്ന തിന്മയ്ക്കെതിരെയുള്ള ആത്മീയ പോരാട്ടത്തിന്റെ അവസരമാക്കി മാറ്റാം.

കെസിബിസി മദ്യവിരുദ്ധ സമിതി കേരളസഭയിൽ പ്രവർത്തിച്ചു തുടങ്ങിയിട്ട് ഇത് 20-ാം വർഷമാണ്. "മദ്യ വിമുക്ത സഭയും സമൂഹവും" എന്നതാണ് സമിതിയുടെ മുദ്രാവാക്യം. മദ്യവിരുദ്ധ സമിതി സ്വപ്നം കാണുന്ന മദ്യവിമുക്തമായ സഭയും സമൂഹവും എന്ന സ്വപ്നം സാക്ഷാത്ക്കരിക്കാൻ ഇനിയും ബഹുദൂരം മുന്നോട്ടു പോകേണ്ടതുണ്ട്. മദ്യത്തിനും മയക്കുമരുന്നിനുമെതിരെ പ്രതികരിക്കുന്നതും സാധ്യമായ വിധത്തിലെല്ലാം ഈ തിന്മകൾക്കെതിരെ നിലകൊള്ളുന്നതും ഈ കാലഘട്ടത്തിലെ ഏറ്റവും ശ്രേഷ്ഠമായ സാമൂഹ്യ പ്രവർത്തനമാണ്. "സ്വന്തം ബോധ്യത്തിൽ അടിയുറച്ച് വിശ്വസിക്കുന്ന ഒരു സംഘം ആളുകൾ ഉണ്ടെങ്കിൽ സമൂഹത്തിൽ മാറ്റം വരുത്താനാകും" എന്ന മഹാത്മാഗാന്ധിയുടെ വാക്കുകൾ മദ്യവിരുദ്ധ പ്രവർത്തകർക്ക് കരുത്തേകേണ്ടതാണ്.

സാക്ഷരത, കുടുംബക്ഷേമം, ആരോഗ്യം എന്നീ തലങ്ങളിൽ ലോകത്തിനുതന്നെ മാതൃകയായിത്തീർന്ന സാംസ്കാരിക കേരളം മദ്യപാനത്തിലും ആത്മഹത്യയിലും ഒന്നാം നിരയിലാണെന്ന ലജ്ജാകരമായ സത്യം നമ്മുടെ കണ്ണു തുറപ്പിക്കേണ്ടതാണ്. വിദ്യാഭ്യാസരംഗത്തും



ആരോഗ്യരംഗത്തും അത്ഭുതാവഹമായ നേട്ടങ്ങളും സംഭാവനകളും കേരളത്തിന്റേതായിട്ടുണ്ട്. എന്നാൽ കേരളസമൂഹം നേടിയെടുത്ത സൽപ്പേരിന്റെയും സൽമാതൃകകളുടെയും മേൽ കരിനിഴൽ വീഴ്ത്തി മദ്യ-ലഹരി സംസ്ക്കാരം ഇന്ന് ദൈവത്തിന്റെ സ്വന്തം നാടിന് അപമാനം സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. ലഹരിയുടെ വർദ്ധിച്ചുവരുന്ന ഉപയോഗം നാടിന്റെ പ്രതീക്ഷകളിൽ ഇരുൾ പരത്തുന്നു. ലക്ഷക്കണക്കിന് കുടുംബങ്ങളാണ് മദ്യത്തിന്റെ കെണിയിൽപ്പെട്ട് ദിനംപ്രതി നശിക്കുന്നത്. പട്ടണത്തിലായാലും ഗ്രാമത്തിലായാലും കുടുംബങ്ങൾ അക്ഷരാർത്ഥത്തിൽ മദ്യംമൂലം നരകയാതന അനുഭവിക്കുകയാണ്. ഈ മദ്യ പിശാചിന്റെ ശാപവും ദുർവിധിയും പേറുന്നത് സ്ത്രീകളും കുട്ടികളുമാണ്. മദ്യസംസ്ക്കാരത്തിന്റെ പൈശാചിക രൂപഭാവങ്ങളും അവ കുടുംബ-സാമൂഹ്യ-സാംസ്കാരിക-ധാർമ്മിക-രാഷ്ട്രീയ മണ്ഡലങ്ങളിൽ സൃഷ്ടിക്കുന്ന ഭീകരാവസ്ഥയും കണ്ടിട്ടും കണ്ടില്ലായെന്ന് നടിക്കുന്നവർ ചെയ്യുന്നത് പാപമാണ്.

മനുഷ്യനന്മ ലക്ഷ്യം വച്ചുള്ള പ്രവർത്തനങ്ങൾ എന്നും സഭയുടെ മുഖമുദ്രയാണ്. കേരള സമൂഹത്തിന്റെ വിദ്യാഭ്യാസ-ആരോഗ്യ-നവോത്ഥാന രംഗങ്ങളിൽ മാറ്റത്തിന്റെ ചാലക ശക്തിയാകാൻ കേരള സഭയ്ക്ക് എന്നും കഴിഞ്ഞിട്ടുണ്ട്. നാടിന്റെ വികസന പ്രക്രിയയിൽ കാലത്തിനൊപ്പം നടക്കാൻ സഭ എന്നും പ്രതിജ്ഞാബദ്ധയാണ്. മദ്യത്തിനും മറ്റു ലഹരി വസ്തുക്കൾക്കെതിരെയുമുള്ള സന്ധിയില്ലാസമരം സാമൂഹ്യ നന്മയ്ക്കുവേണ്ടിയുള്ള സഭയുടെ പ്രതിബദ്ധതയുടെ പ്രതിഫലനമാണ്. വരും തലമുറയ്ക്കുവേണ്ടിയുള്ള സഭയുടെ ഏറ്റവും മഹത്തായ ഒരു കരുതൽ നടപടിയാണ് മദ്യത്തിനും മറ്റ് ലഹരിവസ്തുക്കൾക്കുമെതിരെയുള്ള സാമൂഹ്യ ഇടപെടൽ.

മദ്യത്തിനെതിരായ പോരാട്ടത്തിൽ സർക്കാർ ഒപ്പമുണ്ടാകും എന്ന പ്രതീക്ഷയ്ക്ക് മങ്ങൽ ഏറ്റുകഴിഞ്ഞു. സർക്കാരിന്റെ മദ്യനയം മദ്യ ലഭ്യത കുറയ്ക്കുകയല്ല മറിച്ച് വർദ്ധിപ്പിക്കുകയാണെന്ന് ഓണം-ക്രിസ്തുമസ്സ്ക്കാല റിക്കാർഡ് മദ്യവില്പന നമ്മെ ബോധ്യപ്പെടുത്തിക്കഴിഞ്ഞു. തെരഞ്ഞെടുപ്പ് പ്രകടന പത്രികയിൽ, 'മദ്യം കേരളത്തിൽ ഗുരുതരമായ ഒരു സാമൂഹ്യവിപത്തായി മാറിയിട്ടുണ്ടെന്നും അതിനാൽ മദ്യത്തിന്റെ ലഭ്യതയും ഉപയോഗവും പടിപടിയായി കുറയ്ക്കാൻ സഹായകമായ നയമായിരിക്കും സ്വീകരിക്കുകയെന്നും' വ്യക്തമാക്കിയിരുന്നു. എന്നാൽ ഇതിന് കടകവിരുദ്ധമായ നിലപാടാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആദ്യംചെയ്തത് പ്രതിവർഷം 10 ശതമാനം വീതം ബീവറേജ് ഔട്ട്ലെറ്റുകൾ പൂട്ടുവാനുള്ള മുൻതീരുമാനം റദ്ദ് ചെയ്യലായിരുന്നു. തുടർന്ന് ഒരു പ്രദേശത്ത് മദ്യശാലകൾ വേണമോ വേണ്ടയോ എന്ന് തീരുമാനിക്കാൻ ജനത്തിന് അധികാരം നല്കുന്ന പഞ്ചായത്ത്‌രാജ്-നഗരപാലികാ ബില്ലിലെ 232, 447 എന്നീ വകുപ്പുകൾ റദ്ദ് ചെയ്യുകയുണ്ടായി. സുപ്രീംകോടതി വിധിയെ തുടർന്ന് ദേശീയ സംസ്ഥാന പാതയോരങ്ങളിലെ മദ്യശാലകൾ ജനവാസ കേന്ദ്രങ്ങളിലേക്ക് മാറ്റി സ്ഥാപിക്കാനുള്ള ആസൂത്രിത നീക്കത്തെ ജനം ചെറുത്തു തോല്പിച്ചപ്പോഴാണ് ജനത്തിന്റെ ഈ അധികാരം എടുത്തുകളഞ്ഞത്. മുമ്പ് മദ്യനയത്തിന്റെ ഭാഗമായി പഞ്ചനക്ഷത്രബാറുകൾ ഒഴികെ മറ്റെല്ലാ മദ്യശാലകളും നിരോധിച്ചിരുന്നു. എന്നാൽ ഈ സർക്കാർ ത്രീ സ്റ്റാറും അതിനു മുകളിലും ഉള്ള ഹോട്ടലുകൾക്കെല്ലാം ബാർ അനുവദിച്ചുകൊടുത്തു. ബീവറേജിന്റെയും കൺസ്യൂമർഫെഡിന്റെയും മദ്യക്കടകൾ സൂപ്പർ മാർക്കറ്റുകളാക്കി മാറ്റി മദ്യം സുലഭമാക്കുകയാണ് സർക്കാർ ചെയ്യുന്നത്. കൂടാതെ മദ്യം സുലഭമാക്കാനുള്ള വിവിധ നടപടികൾ വിവിധ മേഖലകളിൽ സ്വീകരിച്ചു വരുകയും ചെയ്യുന്നു.

ആശങ്ക ഉണർത്തുന്ന മറ്റൊരു കാര്യമാണ് ആരാധനാലയങ്ങളുടെയും വിദ്യാലയങ്ങളുടെയും 200 മീറ്റർ ചുറ്റളവിൽ മദ്യവില്പന പാടില്ലെന്ന ബ്രിട്ടീഷ്കാരുടെ കാലം മുതൽ നിലവിലുള്ള നിയമം ഈ സർക്കാർ എടുത്തുകളഞ്ഞത്. ഇവിടെയുള്ള ദൂരപരിധി 50 മീറ്ററാക്കി ചുരുക്കുകയുണ്ടായി. വിദ്യാലയങ്ങളും ആരാധനാലയങ്ങളും നമ്മുടെ സാംസ്ക്കാരിക പൈതൃകത്തിന്റെയും ധാർമ്മികതയുടെയും അടയാളങ്ങളാണ്. ഒരു രാജ്യത്തിന്റെ ധാർമ്മിക നിലവാരം കാത്തു സൂക്ഷിക്കുവാനുള്ള ബാധ്യത പ്രധാനമായും സർക്കാരിനാണ്. മദ്യക്കച്ചവടക്കാർക്ക്‌വേണ്ടി അതു അടിയറ വച്ചത് ഖേദകരമാണെന്ന് പറയേണ്ടിയിരിക്കുന്നു. വിദ്യാലയങ്ങളെയും ദൈവാലയങ്ങളെയുംകാൾ മദ്യവില്പനയ്ക്ക് മുൻതൂക്കം കൊടുക്കുന്നത് ധാർമ്മിക അപചയമാണെന്ന് പറയാതെ വയ്യാ. ജനങ്ങളുടെ താത്പര്യമല്ല, മറിച്ച് മദ്യ മുതലാളിമാരുടെ താത്പര്യമാണ് ഇവിടെ സംരക്ഷിക്കപ്പെടുന്നതെന്ന യാഥാർത്ഥ്യവും കൂടുതൽ വ്യക്തമാകുന്നു.

മദ്യനിരോധനം, മദ്യവർജ്ജനം എന്നീ സമീപനങ്ങളെക്കുറിച്ച് ഏറെ നാളുകളായി നമ്മൾ കേൾക്കുന്നതാണ്. മദ്യവർജ്ജനമെന്നത്



ഒരു വ്യക്തി സ്വമേധയാ വ്യക്തിജീവിതത്തിൽ എടുക്കേണ്ട നിലപാടാണ്. അതേസമയം, മദ്യത്തിന്റെ ഉല്പാദനം, സൂക്ഷിപ്പ്, വിതരണം എന്നിവ സംബന്ധിച്ച് നിയമനിർമ്മാണം നടത്താനും നിലവിലുള്ള നിയമങ്ങളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ നിയന്ത്രണമോ നിരോധനമോ ഏർപ്പെടുത്താനും ഉള്ള അധികാരവും കടമയും ഉത്തരവാദിത്വവും സർക്കാരിന് മാത്രമാണ്. ഇക്കാര്യത്തിൽ വ്യക്തമായ നയം സർക്കാരിന് ഉണ്ടായിരിക്കണം. മദ്യലഭ്യത കുറച്ചുകൊണ്ടുവരാൻ മദ്യനിയന്ത്രണം ആവശ്യമാണ്. അതിന് മദ്യവർജ്ജനനയം പോരാ. മദ്യാസക്തമായ ഒരു സമൂഹത്തിൽ മദ്യത്തിന്റെ ലഭ്യതയിലും ഉപഭോഗത്തിലും സർക്കാർ ഏർപ്പെടുത്തുന്ന നിയന്ത്രണമാണ് മദ്യവർജ്ജനത്തിലേയ്ക്കുള്ള ഒരു സുപ്രധാന കാൽവെയ്പ്. മദ്യനിയന്ത്രണത്തിലൂടെയും ബോധവത്ക്കരണ കർമ്മപരിപാടികളിലൂടെയും സമൂഹത്തിലെ ഓരോ വ്യക്തിയും മദ്യവർജ്ജനമെന്ന നന്മയിലേക്ക് എത്തിച്ചേരണം. അതാണ് ഫലപ്രദവും പ്രായോഗികവുമായ മദ്യനയം. മദ്യം സുലഭമാക്കിയിട്ട് മദ്യവർജ്ജനം ഉപദേശിക്കുന്നത് മേശപ്പുറത്ത് മിഠായി ഭരണി തുറന്നുവച്ചിട്ട് അത് കഴിക്കരുതെന്ന് കുട്ടികളെ ഉപദേശിക്കുന്നതു പോലെ വ്യർത്ഥമാണെന്ന് ഗാന്ധിജി പറഞ്ഞുവച്ചതും നമുക്കോർക്കാം.

ജനാധിപത്യസംവിധാനത്തിൽ ഒരു രാജ്യത്തെ ജനതയുടെ ക്ഷേമത്തിനാണ് ഭരണാധികാരികൾ പ്രാധാന്യം കൊടുക്കേണ്ടത്. പാവപ്പെട്ടവന്റെ ജീവിതനിലവാരം ഉയർത്തുകയും വളർത്തുകയും ചെയ്യുന്നതിനാവശ്യമായ നയങ്ങളാണ് സർക്കാർ ആവിഷ്ക്കരിക്കേണ്ടത്. മദ്യനയം പരിശോധിക്കുമ്പോൾ ദരിദ്രനെ കൂടുതൽ ദരിദ്രനാക്കി മാറ്റുന്ന നയമാണ് സർക്കാർ അവലംബിക്കുന്നതെന്ന് കാണാം. ഒരു തൊഴിലാളി മദ്യംകൊണ്ട് ഉപജീവനംനടത്തുമ്പോൾ ആയിരം തൊഴിലാളികൾ മദ്യം കുടിച്ച് നശിക്കുകയാണ്. മദ്യശാലയ്ക്ക് മുന്നിൽ ഒരാൾ ക്യൂ നിൽക്കുമ്പോൾ അവന്റെ കുടുംബത്തിൽ അസ്വസ്ഥമായ മനസ്സോടെ അഞ്ചുപേർ ഇരിക്കുന്നുണ്ട്. അവരുടെ ദുരിതജീവിതം സർക്കാർ കാണുന്നില്ല, മനസ്സിലാക്കുന്നില്ല. സമൂഹത്തിലെ പാവപ്പെട്ടവരുടെയും സ്ത്രീകളുടെയും കുഞ്ഞുങ്ങളുടെയും സമാധാനവും സുസ്ഥിതിയും ഉറപ്പാക്കാൻ സർക്കാരിന് പ്രത്യേക കടമയും ബാധ്യതയുമുണ്ട്. മദ്യവില്പനയിൽ നിന്ന് ലഭിക്കുന്ന ലാഭത്തെക്കാൾ കൂടുതൽ തുക സർക്കാരിന് മദ്യം വിതയ്ക്കുന്ന പ്രത്യാഘാതങ്ങളെ നേരിടാൻ ചിലവാക്കേണ്ടിവരുന്നുണ്ട്. മദ്യം മൂലമുണ്ടാകുന്ന ഗാർഹിക

-സ്ത്രീ പീഡനങ്ങൾ, ആക്രമണങ്ങൾ, ഗുണ്ടാ-ക്വട്ടേഷൻ സംഘങ്ങളുടെ വിളയാട്ടങ്ങൾ, വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ, കൊലപാതകങ്ങൾ, വിവാഹമോചനങ്ങൾ, രോഗങ്ങൾ തുടങ്ങിയവക്ക് മദ്യം വിൽക്കുന്ന അധികാരികൾ ഉത്തരവാദികളാണ് എന്നതും എടുത്തുപറയേണ്ടതാണ്. ലഹരിക്കെതിരെ നിലവിലെ സർക്കാർ കേരളത്തിൽ ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്ന ബോധവത്ക്കരണ പരിപാടികളെ സ്വാഗതം ചെയ്യുമ്പോഴും ഈ മദ്യനയം ഒരു ജനാധിപത്യ സർക്കാരിന് ചേരുന്ന പ്രവർത്തനശൈലിയാണോയെന്നത് ഗൗരവകരമായ പരിശോധനയ്ക്ക് വിഷയമാക്കണം.

മദ്യത്തോട് സന്ധിയില്ലാ സമരം ചെയ്യുമ്പോഴും പുതിയ തലമുറ മദ്യത്തിൽനിന്നും ഇതര ലഹരി വസ്തുക്കളിലേക്ക് നീങ്ങുന്ന ദുരവസ്ഥ രൂപപ്പെട്ടുകൊണ്ടിരിക്കുന്നത് നമ്മുടെ സവിശേഷ ശ്രദ്ധപതിയേണ്ട സാഹചര്യമാണ്. ധാരാളം യുവജനങ്ങൾ ഇന്ന് ഏതെങ്കിലും തരത്തിലുള്ള ലഹരിപദാർത്ഥങ്ങൾ ഉപയോഗിക്കുന്നതായി വിവിധ ഏജൻസികളുടെ പഠന റിപ്പോർട്ടുകൾ വെളിപ്പെടുത്തുന്നു. മയക്കുമരുന്നു വ്യാപനത്തിനെതിരെ ജാഗ്രത പുലർത്താനും കർശനമായ നിയമനടപടികളിലൂടെ അതിനെ നേരിടുവാനും കേരള സമൂഹം അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു.

മദ്യനിരോധന പ്രവർത്തനങ്ങളുടെ ചാലകശക്തിയായി വർത്തിച്ചുകൊണ്ട് നിർണ്ണായകഘട്ടങ്ങളിൽ ആവശ്യമായ നടപടികൾ സ്വീകരിക്കാൻ കെസിബിസി മദ്യ വിരുദ്ധ സമിതിക്ക് സാധിച്ചിട്ടുണ്ട് എന്നത് യാഥാർത്ഥ്യമാണ്. 2017 നവംബർ 15 മുതൽ ഡിസംബർ 2 വരെ മദ്യനയത്തിനും മദ്യവിപത്തിനുമെതിരെ കെസിബിസി മദ്യവിരുദ്ധ സമിതിയുടെ നേതൃത്വത്തിൽ തിരുവനന്തപുരം മുതൽ കാസർകോഡ് വരെ നടത്തിയ 'വിമോചനയാത്ര' പ്രത്യേക പ്രശംസ പിടിച്ചുപറ്റിയിരുന്നു. കൂടുതൽ ഫലപ്രദവും ദൂരവ്യാപക മാറ്റങ്ങൾക്ക് വഴിതുറക്കുന്നതുമായ പ്രവർത്തനങ്ങൾ ഇടവക-ഫൊറോന-രൂപതാ തലങ്ങളിൽ ഇനിയും കൂടുതൽ സജീവമാക്കേണ്ടതുണ്ട്. നമ്മുടെ എല്ലാ ഇടവകകളിലും മദ്യവിരുദ്ധ ഞായറിന് മുന്നോടിയായി വേണ്ട ഒരുക്കങ്ങൾ നടത്തുകയും ഈ ദിനം സമുചിതമായി ആചരിക്കുകയും ചെയ്യണമെന്ന് എല്ലാവരോടും അഭ്യർത്ഥിക്കുന്നു. എല്ലാ ഇടവകകളിലും കെസിബിസി മദ്യവിരുദ്ധ സമിതിയുടെ യൂണിറ്റുകൾ ആരംഭിച്ച് മദ്യവിരുദ്ധ പ്രവർത്തനം കാര്യക്ഷമമാക്കണം. നമ്മുടെ ആഘോഷങ്ങളിൽ മദ്യം ഉണ്ടാവില്ല എന്ന പ്രതിജ്ഞ ഉത്തരവാദിത്തബോധത്തോടെ എടുക്കണം. മദ്യവിരുദ്ധ



ഞായറാഴ്ച്ച ആചരിക്കുന്ന ഫെബ്രുവരി 18-ാം തീയതി ദൈവാലയങ്ങളിൽ എടുക്കുന്ന സ്തോത്രക്കാഴ്ച രൂപതാ കേന്ദ്രങ്ങളിൽ എത്തിക്കുകയും മദ്യവിരുദ്ധ പ്രവർത്തനങ്ങൾക്കായി ഓരോ രൂപതയിലെയും കെസിബിസി മദ്യവിരുദ്ധസമിതിക്ക് നല്കുകയും ചെയ്യുമല്ലോ.

മദ്യവിമുക്ത സഭയും സമൂഹവും എന്ന ലക്ഷ്യത്തിലേക്ക് പ്രതിബദ്ധതയോടെ നമുക്കൊരുമിച്ച് മുന്നേറാം. മദ്യം തിന്മയാണെന്ന തിരിച്ചറിവും ഈ തിന്മയ്ക്കെതിരെ പോരാടാനുള്ള നിശ്ചയദാർഢ്യവും മദ്യവിമുക്ത സമൂഹത്തിനായുള്ള പ്രതിബദ്ധതയും നമുക്ക് വളർത്തിയെടുക്കാം. നല്ല നാളേയ്ക്കുവേണ്ടിയുള്ള പരിശ്രമങ്ങളിൽ കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയോടു ചേർന്ന് പ്രവർത്തിക്കുവാൻ എല്ലാവരെയും ആഹ്വാനം ചെയ്തുകൊണ്ട്,

സ്നേഹപൂർവം,

**ബിഷപ് മാർ റെമജിയൂസ് ഇഞ്ചനാനിയിൽ**
ചെയർമാൻ, കെസിബിസി മദ്യവിരുദ്ധകമ്മീഷൻ
**ബിഷപ് ജോഷ്വാ മാർ ഇഗ്നാത്തിയോസ്**
വൈസ് ചെയർമാൻ, കെസിബിസി മദ്യവിരുദ്ധകമ്മീഷൻ
**ബിഷപ് ക്രിസ്തുദാസ് ആർ**
വൈസ് ചെയർമാൻ, കെസിബിസി മദ്യവിരുദ്ധകമ്മീഷൻ

NB : 2018 ഫെബ്രുവരി 18-ാം തിയ്യതി ഞായറാഴ്ച ഈ സർക്കുലർ കേരളത്തിലെ സീറോ-മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിന്റെ സാരാംശം എല്ലാവർക്കും വിശദീകരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്.

# രൂപതക്കച്ചേരി

## *C. 11/2018* അഖിലലോക രോഗീദിനം

2018 ഫെബ്രുവരി 11-ാം തീയതി ഞായറാഴ്ച ക്രൈസ്തവ സമൂഹം ലോകരോഗീദിനം ആചരിക്കുകയാണ്. ഈ ദിനാചരണത്തിന്റെ ഭാഗമായി നമ്മുടെ ഇടവകകളിൽ രോഗികളായി കഴിയുന്ന സഹോദരങ്ങൾക്കായി പ്രത്യേക പ്രാർത്ഥനാശുശ്രൂഷകൾ നടത്തുവാനും അവർക്ക് കുമ്പസാരിച്ച് വി. കുർബാന സ്വീകരിക്കുവാൻ വേണ്ട സൗകര്യങ്ങൾ ചെയ്തുകൊടുക്കുവാനും ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

*Bishop*

### *C. 12/2018* സകല മരിച്ചവരുടെയും ഓർമ്മത്തിരുനാൾ

നമ്മുടെ ആരാധനാക്രമ ചൈതന്യമനുസരിച്ച് സകല മരിച്ചവരുടെയും ഓർമ്മ ആചരിക്കേണ്ടത് ദനഹാക്കാലത്തെ അവസാന വെള്ളിയാഴ്ചയാണ്. അതനുസരിച്ച് ഫെബ്രുവരി 9–ാം തീയതി നമ്മുടെ എല്ലാ ഇടവകകളിലും സിമിത്തേരി സന്ദർശനം നടത്തുകയും മരണംമൂലം നമ്മിൽനിന്ന് വേർപിരിഞ്ഞവർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്യണമെന്ന് ഓർമ്മിപ്പിക്കുന്നു.

*Bishop*

### *C.13/2018* വലിയനോമ്പാരംഭവും വിവാഹാഘോഷമുടക്കവും

2018 ഫെബ്രുവരി 11–ാം തീയതി ഞായറാഴ്ച പാതിരാത്രിക്ക് വലിയനോമ്പ് ആരംഭിക്കുന്നു. വിഭൂതി തിങ്കൾ മുതൽ ഉയിർപ്പു ഞായർ വരെ വിവാഹാഘോഷം മുടക്കാണ്. ഒരു തരത്തിലും മാറ്റിവയ്ക്കാൻ സാധിക്കാത്ത ആഘോഷങ്ങൾ മാത്രമേ നോമ്പുകാലത്ത് നടത്താവൂ. അതും അനാർഭാടമായി നടത്തുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്. അനാർഭാടമെന്നത് പരിപാടികളുടെ നടത്തിപ്പിലും ബാഹ്യമോടിയിലും ഭക്ഷണത്തിലുമെല്ലാം പാലിക്കപ്പെടേണ്ട ലാളിത്യമാണ്. നോമ്പുകാലത്ത് വിവാഹം നടത്തിക്കിട്ടുവാൻ രൂപതക്കച്ചേരിയിൽ സമർപ്പിക്കുന്ന അപേക്ഷകൾ ശിപാർശ ചെയ്യുമ്പോൾ ബ. വികാരിയച്ചന്മാർ ഈ നിർദ്ദേശത്തിന്റെ അരൂപി ഉൾക്കൊള്ളണമെന്ന് ഓർമ്മിപ്പിക്കുന്നു.

മനസ്സമ്മതമോ അതുപോലുള്ള മറ്റ് ആഘോഷങ്ങളോ നടത്തുമ്പോഴും നോമ്പിന്റെ ചൈതന്യം പാലിക്കുവാൻ എല്ലാവരും ശ്രദ്ധിക്കണം. മനസ്സമ്മതത്തിനുമുമ്പ് അനുവാദത്തോടെ വിവാഹം പരസ്യം ചെയ്യുകയും നോമ്പ് കഴിയുമ്പോൾ മനസ്സമ്മതം നടത്തി ഏറെ താമസിയാതെ വിവാഹം ആശീർവദിക്കുകയും ചെയ്യാനുള്ള നടപടിക്രമം പാലിക്കാവുന്നതാണ്.

*Bishop*

### *C. 14/2018* Appointments and Transfers

**Vicar in Charge:**

Thrikariyoor - James Choorathotty

**Parochial Vicar**

Kadalikad - Varkey Mandapathil
Mailacombu - Paul Avirappattu
Neyyassery - Jose Kanjirakombil
Veliyelchal - Joseph Kunnumpurath



Kadavoor - Martin Kachiraparekudiyil
Oonnukal - Alex Thannikunnel
Nediyasala - Antony Vilayappillil

**Other Offices**

Asst. Rector Divine Mercy Shrine - Paul Akkapadickal
Vice Principal Nirmala
HSS Muvattupuzha - Joseph Ponneth
Canada - Thomas Kalariparambil

*Bishop*

### *C. 15 /2018* Notification Regarding Penances

All the Retreat centers, Priests and others engaged in conunselling are instructed not to impose offering of Gregorian Mass and other Masses as penance (*Minutes of 25 August 2017)* as per the decision of the Second Session of the XXV Synod (2017), held from 21 August to 1 September 2017 at Mount St. Thomas.

*Bishop*

### *C. 16 /2018* Instruction to The Parish Priests

All the Parish Priests and Priors concerned are instructed as per the decision of the Second Session of the XXV Synod (2017), held from 21 August to 1 September 2017 at Mount St. Thomas: **"Not to permit shooting of commercial films inside our churches and chapels, but may be given for shooting programmes of Catholic channels like Goodness TV, Shalom TV etc."** (Cf. *Minutes of 22 August 2017)*

*Bishop*

### *C. 17 /2018* Priests' Study Forum

A study forum for the Priests of the Doicese of Kothamangalam will be conducted on Tuesday March 13, 2018 from 10.00 am to 4.00 pm at NESTT, Muvattupuzha.

*Bishop*

### *C. 18 /2018* Monthly Recollection for Priests<br>Topic for discussion in March

Read in common Nos. 711-721 of the Catechism of the Catholic Church.

*Syncellus*

*C. 19/2017* **Pastoral Visit - February**

Kaloor - 18-02-2018

Chancellor

*C. 20 /2017* **ആരാധനക്രമഗ്രന്ഥങ്ങൾ പ്രകാശനം ചെയ്തു**

സീറോ മലബാർസഭയുടെ ആരാധനക്രമകമ്മീഷന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ വിവാഹവാഗ്ദാനക്രമവും സുവിശേഷപ്രഘോഷണമാർഗ്ഗരേഖയും കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ചു നടന്ന മെത്രാന്മാരുടെ സിനഡിൽ വച്ച് മേജർ ആർച്ച് ബിഷപ്പ് മാർ ജോർജ് ആലഞ്ചേരി, മെൽബൺ രൂപതാ ബിഷപ്പ് മാർ ബോസ്കോ പുത്തൂർ, പാലാ രൂപതാ എമിരറ്റസ് ബിഷപ്പ് മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ എന്നിവർക്കു നല്കി പ്രകാശനം ചെയ്തു. സീറോ മലബാർസഭയ്ക്ക് വേണ്ടി സിനഡ് പ്രസിദ്ധീകരിക്കുന്ന ആദ്യത്തെ വിവാഹവാഗ്ദാനക്രമഗ്രന്ഥമാണിത്. ഇതിന്റെ ഇംഗ്ലീഷ് പരിഭാഷയും സിനഡിൽ വച്ച് പ്രകാശനം ചെയ്യുകയുണ്ടായി.

റോമിൽനിന്നും പ്രസിദ്ധീകരിച്ച സുവിശേഷപ്രഘോഷണ ഡയറക്ടറിയുടെ അടിസ്ഥാനത്തിൽ സീറോ മലബാർസഭയ്ക്ക് വേണ്ടി തയ്യാറാക്കിയ "സുവിശേഷ പ്രഘോഷണ മാർഗരേഖ" എന്ന ഗ്രന്ഥവും സിനഡ് ഹാളിൽ വച്ച് പ്രകാശനം ചെയ്തു. പ്രസ്തുത പുസ്തകങ്ങളും സീറോ മലബാർ സഭയുടെ സുറിയാനി ഭാഷയിലുള്ള റാസകുർബാനയുടെ രണ്ടാംപതിപ്പിന്റെ കോപ്പികളും കാക്കനാട് മൗണ്ട് സെന്റ് തോമസിലെ ആരാധനക്രമ കമ്മീഷൻ ഓഫീസിൽ ലഭ്യമാണ്. ഫോൺ: 9446477924. കോപ്പികൾ വിജ്ഞാനഭവനിൽ നിന്നും ലഭ്യമാണ്.

Chancellor

*C. 21 /2017* **Account training Programme**

പള്ളികളിലെ കണക്ക് എഴുതുന്നതിന് വേണ്ടി തയ്യാറാക്കിയിരിക്കുന്ന പുതിയ സോഫ്റ്റ്‌വെയർ-ന്റെ ഉപയോഗക്രമം പരിചയപ്പെടുത്തുന്നതിനും കണക്ക് എഴുതേണ്ടത് എപ്രകാരമെന്നു വിശദീകരിക്കുന്നതിനുമായി ഒരു ട്രെയിനിംഗ് പ്രോഗ്രാം 2018 ഫെബ്രുവരി 17-ാം തീയതി ശനിയാഴ്ച വൈകിട്ട് 5.30 pm-ന് നെസ്റ്റിൽ ക്രമീകരിച്ചിട്ടുണ്ട്. മുമ്പ് ഒരുക്കിയ ട്രെയിനിംഗ് പ്രോഗ്രാമിൽ പങ്കെടുത്തവർക്കും ആവശ്യമെങ്കിൽ പങ്കെടുക്കാവുന്നതാണ്. ഇനിയും പങ്കെടുക്കാത്ത ഇടവകകളിൽ നിന്നും ആളെ പറഞ്ഞുവിടാൻ വികാരിയച്ചന്മാർ ശ്രദ്ധിക്കുക. കണക്കുകൾ സ്വന്തം എഴുതുന്ന വൈദികർക്കും ഇതിൽ പങ്കെടുക്കാവുന്നതാണ്.

Chancellor



*Js. 2/2018* **ജൂബിലി സ്മാരക സ്കോളർഷിപ്പ്**

മാർ ജോർജ് പുന്നക്കോട്ടിൽ മെത്രാഭിഷേക രജതജൂബിലി സ്മാരക സ്കോളർഷിപ്പിലേയ്ക്ക് ഗുണഭോക്താക്കളെ ക്ഷണിക്കുന്നു. കോതമംഗലം, ഇടുക്കി രൂപതകളിൽപ്പെട്ട കത്തോലിക്കാ കുട്ടികൾക്ക് മാത്രമാണ് അപേക്ഷിക്കുവാൻ അർഹതയുള്ളത്. താഴെ പേരുപറഞ്ഞിരിക്കുന്ന ഏതെങ്കിലും കോഴ്സിലേക്ക് 2018-2019 അദ്ധ്യയന വർഷം പ്രവേശനം പ്രതീക്ഷിക്കുന്നവരും ഇപ്പോൾ പഠനം നടത്തുന്നവരുമാണ് സ്കോളർഷിപ്പിന് അപേക്ഷിക്കേണ്ടത്.

Technical and Professional Studies at Graduate and Post Graduate levels in various branches of Medicine, Engineering, Nursing, Para-Medical courses, Computer Application (Master's Degree only) and Business / Banking Administration (Master's Degree only).

**ഒരിക്കൽ സ്കോളർഷിപ്പ് ലഭിച്ചവരും ഡിസംബർ മാസത്തിനുമുമ്പ് കോഴ്സ് അവസാനിക്കുന്നവരും അപേക്ഷിക്കേണ്ടതില്ല.**

2018 മെയ് 12-ാം തീയതി ശനിയാഴ്ച പകൽ 10 മുതൽ 12 മണി വരെ കോതമംഗലം ബിഷപ്പ്സ് ഹൗസിൽവച്ച് നടത്തുന്ന പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിലായിരിക്കും ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത്. സൺഡേസ്കൂൾ സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയവർ മാത്രമേ പ്രവേശന പരീക്ഷയിൽ പങ്കെടുക്കാവൂ. പ്രവേശനപരീക്ഷയിൽ വിജയിക്കുന്നതിന് 50% മാർക്ക് വാങ്ങേണ്ടതുണ്ട്. സ്കോളർഷിപ്പിന്റെ നിയമാവലിക്ക് കോതമംഗലം രൂപതാനിയമസംഗ്രഹം അനുബന്ധം 14 കാണുക.

**പ്രവേശന പരീക്ഷാ വിഷയങ്ങൾ**

Sunday School Texts - Standards IX, X, XI, XII, പൊതുവിജ്ഞാനം.

സ്കോളർഷിപ്പിനുവേണ്ടി അപേക്ഷിക്കുവാൻ ആഗ്രഹിക്കുന്ന കുട്ടികളുടെ പേരുവിവരം ബഹു. വികാരിയച്ചന്മാർ താഴെ പറയുന്ന വിലാസത്തിൽ 2018 ഏപ്രിൽ 30-ാം തീയതിക്കകം അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

The Secretary, Bishop Mar George Punnakottil Episcopal Silver Jubilee Memorial Education Society, Bishop's House, P.B. No. 6, Kothamangalam - 686 691 Tel : 0485 -2862236

Chancellor

# മൈനർ സെമിനാരി

*MS. 4 /2018* **നവവൈദികർക്ക് സ്വീകരണം**

നമ്മുടെ രൂപതയ്ക്കുവേണ്ടി പരിശീലനം പൂർത്തിയാക്കി വൈദികപട്ടം സ്വീകരിച്ച നവവൈദികർക്ക് ജനുവരി 18-ാം തീയതി മാതൃഭവനമായ മൈനർ സെമിനാരിയിൽ ഹൃദ്യമായ സ്വീകരണം നൽകി. നവവൈദികർ ആഘോഷമായ സമൂഹബലിയർപ്പിച്ചു. തുടർന്ന് സെമിനാരികുടുംബം അവരെ അനുമോദിച്ചു.

*MS 5 /2018* **അവധിക്കാല ധ്യാനം**

നമ്മുടെ ദൈവശാസ്ത്ര സെമിനാരി വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ യു.പി., ഹൈസ്കൂൾ, ഹയർസെക്കന്ററി, വിദ്യാർത്ഥികൾക്കായി ധ്യാനവും ക്യാമ്പുകളും നടത്താൻ ടീമുകൾ സജ്ജമായിട്ടുണ്ട്. ഏപ്രിൽ 9 മുതൽ മെയ് 26 വരെയുള്ള തീയതികളിലായിരിക്കും കൂടുതൽ സൗകര്യം. ബഹു. വികാരിയച്ചന്മാർ മൈനർ സെമിനാരിയുമായി ബന്ധപ്പെടുമല്ലോ.

*MS 6 /2018* **Benefactors' Day**

മൈനർ സെമിനാരിയുടെ ഉപകാരികളുടെ സംഗമം ജനുവരി 26-ാം തീയതി നടന്നു. രാവിലെ 10.00-ന് ഇക്കൊല്ലം രൂപതയ്ക്കുവേണ്ടി അഭിഷിക്തരായ വൈദികരുടെ സമൂഹബലിയോടെ Benefactors' Day ആരംഭിച്ചു. തുടർന്ന് നടന്ന സമ്മേളനത്തിൽ അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് അദ്ധ്യക്ഷത വഹിച്ചു. റെക്ടർ ഫാ. ജോസഫ് അത്തിക്കൽ ഏവരെയും സ്വാഗതം ചെയ്യുകയും സെമിനാരിയുടെ ദൈനംദിന പ്രവർത്തനങ്ങളെക്കുറിച്ചും വരവു ചെലവുകളെ സംബന്ധിച്ചും വ്യക്തമായ ചിത്രം നൽകുകയും ചെയ്തു. തുടർന്ന് അഭിവന്ദ്യ പിതാവ് ഉപകാരികൾ ചെയ്യുന്ന വലിയ സേവനത്തിന് രൂപതയുടെ നാമത്തിൽ നന്ദി അറിയിച്ചു. സാൻജോ ക്വയർ ഗാനം ആലപിക്കുകയും ബ്ര. ജോർജ് പ്ലാക്കൂട്ടം ആശംസകൾ നേരുകയും ചെയ്തു. ബഹു. അച്ചന്മാരും വിവിധ സന്യാസിനീസഭകളിലെ പ്രൊവിൻഷ്യൽ സുപ്പീരിയേഴ്സ് അടക്കമുള്ള ബഹു. സിസ്റ്റേഴ്സും അല്മായ സഹോദരീ സഹോദരന്മാരുമുൾപ്പെടെ 70 -ഓളം പേർ സംഗമത്തിൽ പങ്കെടുത്തു. റവ. ഫാ. ജോസഫ് മുണ്ടയ്ക്കൽ എല്ലാവർക്കും നന്ദി പ്രകാശിപ്പിച്ചു. ഉച്ചഭക്ഷണത്തോടെ ചടങ്ങുകൾ സമാപിച്ചു.

*MS 7 /2018* **സെമിനാരിക്ക് സാമ്പത്തിക സഹായം നൽകിയവർ**

| | | |
|---|---|---|
| 1 | AJ Joseph Arackal Arikuzha | 5000 |
| 2 | One Benefactor | 30000 |
| 3 | EP Mathachan Inchackal Nellimattom | 12500 |
| 4 | Saju Athickal Kothamangalam | 10000 |
| 5 | St. Joseph Church Perumpallichira | 13000 |
| 6 | PJ Joseph Puthiaparambil Muvattupuzha East | 10000 |
| 7 | Prajesh C. Mathew Chimminikatt, Perumballichara | 2000 |
| 8 | John Tharian Elanjickal, Inchoor | 5000 |
| 9 | Joseph James Avirapattu, Velielchal | 2000 |
| 10 | Sebastian Ouseparambil, Thodupuzha East | 25000 |
| 11 | Rev. Fr. Stanly Pulprayil | 10000 |
| 12 | Antony George Oliapuram, Cathedral | 1500 |
| 13 | Merin Vakkachan Illiprambil, Thrikariyoor | 2000 |
| 14 | Devasia Baby Chalackal | 5000 |
| 15 | Lourdes Matha Church , Thalayanad | 13010 |
| 16 | St. Mary's Church Vazhakala | 15000 |
| 17 | One Benefactor | 35000 |
| 18 | St. Thomas Church Thrikariyoor | 15000 |
| 19 | George Peter Parankimyalil, Nellimattam | 5000 |
| 20 | O.V. Varkeykunju Oliapuram, Cathedral | 10000 |
| 21 | Jose Paul Kozhuppathadam, Muthalakodam | 25000 |
| 22 | Benny Manackal, Vannappuram | 5000 |
| 23 | Jose Nedungattu, Vazhakulam | 40000 |
| 24 | Anil Thethukunnel, Inchoor | 6000 |
| 25 | Mathew V.J.Vettikuzhichalil,Thodupuzha | 25000 |
| 26 | Gelthrude Karithadethil, Karimannoor | 6000 |
| 27 | Mary Antony Thailayil, Marika | 25000 |
| 28 | George & Rosamma Karimbadakuzhy, Marika | 10000 |

*Rector*



# വിജ്ഞാനഭവൻ

*V. 14/2018* **SMC അവാർഡ്**

കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ച് നടന്ന സീറോമലബാർ പ്രതിഭാസംഗമത്തിൽ നമ്മുടെ രൂപതയിൽ നിന്നുള്ള **നവീൻ ജോസഫ് മാനിശ്ശേരിയിൽ കലയന്താനി, എൽസീന തോമസ് ഒറ്റതെങ്ങുങ്കൽ ആലക്കോട്** എന്നിവർ സംസ്ഥാനതലത്തിൽ പ്രതിഭകളായി തിരഞ്ഞെടുക്കപ്പെട്ടു. ഹൃദയംഗമമായ അഭിനന്ദനങ്ങൾ.

*V. 15/2018* **കോൺടാക്റ്റ് ക്ലാസ് - ധ്യാനം**

11, 12 ക്ലാസിൽ പ്രൈവറ്റായി രജിസ്റ്റർ ചെയ്ത കുട്ടികളിൽ കോൺടാക്റ്റ് ക്ലാസ്സിൽ പങ്കെടുക്കാത്തവർ ഉണ്ടെങ്കിൽ മൂവാറ്റുപുഴ നെസ്റ്റിൽ (NESTT) വച്ചു നടക്കുന്ന ധ്യാനത്തിൽ പങ്കെടുത്താൽ മാത്രമേ

സർട്ടിഫിക്കറ്റ് ലഭിക്കുകയുള്ളൂ. ഇക്കാര്യം ഹെഡ്മാസ്റ്റർമാർ കുട്ടികളെ അറിയിക്കുമല്ലോ. ധ്യാനത്തിന് മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യണം. **ഫോൺ. 9497187834, 8281853557**

*V. 16/2018* **വിശ്വാസോത്സവം - ഏപ്രിൽ 3-6**

ഈ അദ്ധ്യയനവർഷത്തെ വിശ്വാസോത്സവം ഏപ്രിൽ 3 മുതൽ 6 വരെ നടത്തേണ്ടതാണ്. പുസ്തകവിതരണത്തിന്റെ തീയതി പിന്നീട് അറിയിക്കുന്നതാണ്.

വിശ്വാസോത്സവം 4 ദിവസങ്ങളിലും (ഏപ്രിൽ 3 മുതൽ 6 വരെ) രാവിലെ 9.00 മണി മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ നടത്തേണ്ടതാണ്. വിശ്വാസോത്സവത്തിനുപകരിക്കുന്ന DVD, ഹാൻഡ് ബുക്ക് എന്നിവ വിജ്ഞാനഭവനിൽ നിന്നും ലഭിക്കുന്നതാണ്.

*V.17/2017* **SAY EXAM- X, XII**

**രജിസ്ട്രേഷൻ : 2018 മാർച്ച് 1 മുതൽ 17 വരെ.**
**പരീക്ഷ : ഏപ്രിൽ 7 ശനി**
സമയം : 10.00 am - 12.00 noon
**റിസൽട്ട് : മെയ് 2 ബുധൻ**

*V. 18/2018* **രണ്ടാം സെമസ്റ്റർ പരീക്ഷ**
**ഏപ്രിൽ 7 ശനി**

Std - I - IX - 10.00 am - 12.00 noon

*V. 19/2018* **ലോഗോസ് സമ്മാനങ്ങൾ**

ലോഗോസ് ക്വിസിന്റെ സമ്മാനങ്ങൾ കൈപ്പറ്റാത്തവർ ഫെബ്രുവരി 10-ന് മുമ്പ് ഓഫീസിൽ നിന്നും കൈപ്പറ്റേണ്ടതാണ്.

*V. 20/2018* **ആദരാഞ്ജലികൾ**

വടാട്ടുപാറ ഇടവകയിൽ വിശ്വാസപരിശീലക ആയിരുന്ന രാഖി ഷാജ് (45) അന്തരിച്ചു. 13 വർഷങ്ങളായി വേദപാഠം അധ്യാപിക ആയിരുന്നു. ടീച്ചറിന്റെ സ്തുത്യർഹമായ സേവനം നന്ദിയോടെ അനുസ്മരിക്കുകയും ആത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു.

*V. 21/2018* **ആദ്യകുർബാനപുസ്തകം**

ആദ്യകുർബാനയ്ക്ക് ഒരുക്കത്തിനായുള്ള പുസ്തകം (രൂപതയുടെ പുസ്തകം) വിജ്ഞാനഭവൻ ബുക്ക്സ്റ്റാളിൽ നിന്ന് ലഭിക്കുന്നതാണ്. ക്ലാസ് തുടങ്ങുമ്പോൾ ഈ പുസ്തകം പ്രയോജനപ്പെടുത്തണമെന്ന് ഓർമ്മപ്പെടുത്തുന്നു. ചെറിയവേദോപദേശം, പോക്കറ്റ് ബൈബിൾ, കുർബാന പുസ്തകം, കൊന്ത, വെന്തിങ്ങ മുതലായവയും ലഭ്യമാണ്.

*Director*



# കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി

*Edn. 5 /2018* **അപേക്ഷാഫോറം**

2018-19 അദ്ധ്യയനവർഷത്തിലേക്കുള്ള ട്രാൻസ്ഫറിനുവേണ്ടിയുള്ള അപേക്ഷാഫോറങ്ങൾ 01-03-2018 മുതൽ ഈ ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. പൂരിപ്പിച്ച അപേക്ഷാഫോറങ്ങൾ 31-03-2018-ന് മുമ്പ് ഈ ഓഫീസിൽ എത്തിക്കേണ്ടതാണ്. മുൻവർഷങ്ങളിൽ അപേക്ഷ നൽകിയിട്ടുള്ളവരും ഈ വർഷം അപേക്ഷ നൽകേണ്ടതാണ്.

*Edn. 6 /2018* **Catechism/Moral Science Competitive Examination**

2017-18 അദ്ധ്യയനവർഷത്തെ Catechism/Moral Science മത്സരപരീക്ഷ ഫെബ്രുവരി മാസം 10-ാം തീയതി ശനിയാഴ്ച രാവിലെ 10 മുതൽ 12 വരെ മുൻ നിശ്ചയപ്രകാരം നടത്തുന്നതാണ്. രജിസ്റ്റർ നമ്പർ രേഖപ്പെടുത്തിയ പ്രവേശന ലിസ്റ്റും ഹാൾടിക്കറ്റും ലഭിക്കാത്തവർ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. ഫോൺ: 9447537280

*Edn. 7 /2018* **വിവിധമേളകളിൽ തിളക്കമാർന്ന**
**വിജയം നേടിയ സ്കൂളുകൾ**

| | |
|---|---|
| Fathima Matha LPS Karakunnam | |
| സബ് ജില്ല പ്രവൃത്തി പരിചയമേള | - Over-all |
| സബ് ജില്ല സാമൂഹ്യ ശാസ്ത്രമേള | - Runner-up |
| സബ് ജില്ല സയൻസ് മേള | - Over-all III |
| സബ് ജില്ല അറബിക് കലോത്സവം | - Runner-up |
| റവന്യൂ ജില്ല സയൻസ്മേള | - Over-all |
| റവന്യു ജില്ല പ്രവൃത്തി പരിചയമേള | - Runner-up |
| Fathima Matha UPS Malippara | |
| സബ് ജില്ല കായിക മേള | - UP - Over-all |
| സബ് ജില്ല സംസ്കൃതോത്സവം | - UP - Over-all |
| സബ് ജില്ല കലോത്സവം | - LP, UP Over-all III |
| സബ് ജില്ല പ്രവൃത്തി പരിചയ മേള | - LP, UP Over-all III |
| SLTLPS Vazhakulam | |
| സബ് ജില്ല കായിക മേള | - Over-all |
| സബ് ജില്ല കലോത്സവം | - Over-all |
| പ്രവൃത്തി പരിചയ മേള | - Runner-up |
| ഗണിതശാസ്ത്ര മേള | - Runner-up |

*Secretary*

# സോഷ്യൽ സർവീസ്

*SS. 6 /2018* **ചികിത്സാസഹായം**

2017 ഡിസംബർ മാസം കാൻസർ രോഗികളുടെ ചികിത്സാസഹായമായി 378000 രൂപ നല്കി.

*SS. 7 /2018* **ജീവമെഡിക്കൽസ്**

2017 ജനുവരി മുതൽ ഡിസംബർ വരെ തൊടുപുഴ, വാഴക്കുളം, മൂവാറ്റുപുഴ, കോതമംഗലം എന്നിവിടങ്ങളിലെ ജീവ മെഡിക്കൽ സ്റ്റോർ വഴി 4 കോടി 75 ലക്ഷം രൂപയുടെ മരുന്നുകൾ വില്പന നടത്തി. ഇതിൽ 76 ലക്ഷം രൂപ രോഗികൾക്ക് ഡിസ്കൗണ്ട് നൽകുവാൻ കഴിഞ്ഞു.

*SS. 8 /2018* **ക്രെഡിറ്റ് യൂണിയൻ ലീഡേഴ്സ് മീറ്റ്**

ക്രെഡിറ്റ് യൂണിയൻ ഭാരവാഹികൾക്കുള്ള രൂപതാതല നേതൃത്വപരിശീലനം 2018 ഫെബ്രുവരി 2, 3 തീയതികളിൽ മൂവാറ്റുപുഴ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് നടക്കും.

*Director*

# തിരുബാലസഖ്യം

*HC 3/2018* **പ്രവർത്തനവർഷ ഉദ്ഘാടനവും തിരുബാലസഖ്യദിനാഘോഷവും**

ഈ വർഷത്തെ തിരുബാലസഖ്യം പ്രവർത്തനവർഷ ഉദ്ഘാടനം ഫെബ്രുവരി 10-ാം തീയതി ശനിയാഴ്ച രാവിലെ 10 മണിക്ക് മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് മോൺ. ജോർജ് ഓലിയപ്പുറം നിർവഹിക്കുന്നു. തിരുബാലസഖ്യദിനമായി ആഘോഷിക്കുന്ന അന്നേദിവസം നടക്കുന്ന സമ്മേളനത്തിൽ എല്ലാ ശാഖകളിൽ നിന്നും ആനിമേറ്റേഴ്സും അഞ്ച് ഭാരവാഹികളും പങ്കെടുക്കാൻ ശ്രദ്ധിക്കുമല്ലോ.

*HC 4 /2018* **ആനിമേറ്റേഴ്സ് സംഗമം**

ഫെബ്രുവരി 10-ാം തീയതി പ്രവർത്തനവർഷ ഉദ്ഘാടനദിനത്തിൽ തന്നെ ആനിമേറ്റേഴ്സ് സംഗമം ഉണ്ടായിരിക്കുന്നതാണ്. എല്ലാ ആനിമേറ്റേഴ്സും സംഗമത്തിൽ പങ്കെടുക്കേണ്ടതാണ്.

*Director*



# ചെറുപുഷ്പ മിഷൻലീഗ്

*CML 6/2018* **ജോയിന്റ് ഡയറക്ടേഴ്സ് മീറ്റ്**

ചെറുപുഷ്പ മിഷൻലീഗ് കോതമംഗലം രൂപത ജോയിന്റ് ഡയറക്ടേഴ്സ് മീറ്റ് 2018 ഫെബ്രുവരി 10-ന് രാവിലെ 9.30-ന് മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് നടത്തുന്നതാണ്. എല്ലാ ശാഖാ ജോയിന്റ് ഡയറക്ടേഴ്സും നിർബന്ധമായും പങ്കെടുക്കുവാൻ ശ്രദ്ധിക്കുമല്ലോ.

*CML 7 /2018* **നവവൈദികരെ ആദരിക്കൽ**

കോതമംഗലം രൂപതയ്ക്കുവേണ്ടി പൗരോഹിത്യം സ്വീകരിച്ച ആറ് നവവൈദികരെ 2018 ഫെബ്രുവരി 10-ന് രാവിലെ 9.30-ന് മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് ആദരിക്കുന്നു. നവവൈദികർ വി. കുർബാനയർപ്പിക്കുകയും തുടർന്ന് മിഷൻ എക്സ്പീരിയൻസ് ഷെയറിംഗ് നടത്തുകയും ചെയ്യുന്നതാണ്.

*CML 8 /2018* **ജപമാലാസൈന്യ സംഗമം, മിഷൻബോയ്/മിഷൻഗേൾ സംഗമം**

ചെറുപുഷ്പ മിഷൻലീഗ് കോതമംഗലം രൂപതയുടെ ആഭിമുഖ്യത്തിൽ കുട്ടികളുടെ ആത്മീയമുന്നേറ്റം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന പ്രാർത്ഥനാക്കൂട്ടായ്മയായ ജപമാലസൈന്യത്തിന്റെ സംഗമവും, ശാഖാ പ്രവർത്തനങ്ങൾക്കും മിഷൻ പ്രവർത്തനങ്ങൾക്കും ചുക്കാൻ പിടിക്കുന്ന കുഞ്ഞുതാരകങ്ങൾ പങ്കെടുക്കുന്ന മിഷൻബോയ്/മിഷൻഗേൾ സംഗമവും 2018 ഫെബ്രുവരി 10-ന് രാവിലെ 9.30-ന് മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് നടത്തുന്നതാണ്. അന്നേ ദിവസം രാവിലെ 9.30-ന് രജിസ്ട്രേഷനുശേഷം ജപമാലറാലിയും കുട്ടികൾക്കുവേണ്ടിയുള്ള ക്ലാസ്സും ഉണ്ടായിരിക്കുന്നതാണ്. ഉച്ചഭക്ഷണം നൽകുന്നതാണ്.

*CML 9 /2018* **ചെറുസൂനം ക്വിസ് (ശാഖാതലം)**

ചെറുസൂനം ക്വിസ് ശാഖാ തലത്തിലുള്ള മത്സരം 2018 ഫെബ്രുവരി 11-ാം തീയതി എല്ലാ ശാഖകളിലും നടത്തേണ്ടതാണ്. ക്വിസിനുള്ള ചോദ്യങ്ങൾ ജോയിന്റ് ഡയറക്ടേഴ്സ് മീറ്റിന് വരുമ്പോൾ നൽകുന്നതാണ്.

*Director*

# കെ.സി.എസ്.എൽ.

*KCSL 5/2018* **കെ.സി.എസ്.എൽ. 103-ാം വാർഷികവും സംസ്ഥാനകലോത്സവവും**

കെ.സി.എസ്.എൽ. സഖ്യത്തിന്റ 103-ാം വാർഷികവും സംസ്ഥാന കലോത്സവവും കൊല്ലം രൂപതയിൽ വച്ച് നടന്നു. കലോത്സവത്തിൽ നമ്മുടെ രൂപത 270-ൽ 256 പോയിന്റുകൾ നേടി ഓവറോൾ മൂന്നാം സ്ഥാനം നേടി. കൂടാതെ ഈ വർഷത്തെ സംസ്ഥാനത്തെ മികച്ച ഹയർസെക്കന്ററി യൂണിറ്റായി പൈങ്ങോട്ടൂർ സെന്റ് ജോസഫ് എച്ച്.എസ്.എസ്. തെരെഞ്ഞെടുക്കപ്പെട്ടു . നമ്മുടെ രൂപതക്ക് ലഭിച്ച അഭിമാനാർഹമായ ഈ നേട്ടത്തിന് പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും പ്രത്യേകിച്ച് കുട്ടികൾക്കും അവരെ ഒരുക്കി അനുഗമിച്ച അധ്യാപകർക്കും മാതാപിതാക്കൾക്കും ആനിമേറ്റേഴ്സിനും രൂപതാ എക്സിക്യൂട്ടീവ് ഭാരവാഹികൾക്കും ഏറെ സ്നേഹത്തോടെ നന്ദി.

സംസ്ഥാനകലോത്സവത്തിൽ നമ്മുടെ രൂപതയിലെ വിജയികൾ:

**യു പി വിഭാഗം**

**ലളിതഗാനം (പെൺകുട്ടികൾ)**

II ആൻ മരിയ ബൈജു ജയ്റാണി പബ്ലിക്ക് സ്കൂൾ, തൊടുപുഴ.

**പരിചമുട്ടുകളി**

I സെന്റ് സെബാസ്റ്റ്യൻസ് UPS, തൊടുപുഴ.

**മാർഗംകളി**

III സെന്റ് സെബാസ്റ്റ്യൻസ് UPS, തൊടുപുഴ.

**സ്റ്റഡി സർക്കിൾ**

III സെന്റ് സെബാസ്റ്റ്യൻസ് UPS, തൊടുപുഴ.

**എച്ച് എസ് വിഭാഗം**

**ലളിതഗാനം (പെൺകുട്ടികൾ)**

I ആൻഡ്രിയ റോസ് ജോസഫ്, ജയ്റാണി പബ്ലിക്ക് സ്കൂൾ, തൊടുപുഴ.

**കഥാപ്രസംഗം**

III റീമ റോസ് രാജേഷ്, വിമലമാത HSS, കദളിക്കാട്.

**പുത്തൻപാന**

III ആൻഡ്രിയ റോസ് ജോസഫ്, ജയ്റാണി പബ്ലിക്ക് സ്കൂൾ, തൊടുപുഴ.

**പരിചമുട്ട്**

III സെന്റ് ജോർജ്ജ് HSS, മുതലക്കോടം.

**എച്ച് എസ് എസ് വിഭാഗം**

**പ്രസംഗം ഇംഗ്ലീഷ്**

II ആൽഫി ജോളി, സെന്റ് സേവ്യേഴ്സ് പബ്ലിക്ക് സ്കൂൾ, പോത്താനിക്കാട്.



**പ്രസംഗം മലയാളം**

I ജീവ ജോർജ്ജ്, സെന്റ് അഗസ്റ്റിൻസ് HSS, മുവാറ്റുപുഴ.

**മാർഗംകളി**

III സെന്റ് അഗസ്റ്റിൻസ് HSS, കോതമംഗലം.

വിജയികൾക്ക് അഭിനന്ദനങ്ങൾ....

*Director*

# ഫാമിലി അപ്പോസ്റ്റലേറ്റ്

*FA 7 /2018* **രൂപതാകൗൺസിൽ**

ഫാമിലി അപ്പോസ്റ്റലേറ്റ് രൂപതാകൗൺസിൽ 2018 ഫെബ്രുവരി 14 ബുധൻ രാവിലെ 10 മുതൽ ഉച്ചകഴിഞ്ഞ് 2.30 വരെ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽവച്ച് നടത്തപ്പെടുന്നു.

*FA 8 /2018* **രാത്രി ആരാധന**

ഫാമിലി അപ്പോസ്റ്റലേറ്റിന്റെ ആഭിമുഖ്യത്തിലുള്ള രാത്രി ആരാധന ഫെബ്രുവരി 9 വെള്ളി വൈകിട്ട് 6 മുതൽ രാത്രി 1 മണിവരെ മുതലക്കോടം സാപിയൻസിയ ഫാമിലി ഗൈഡൻസ് സെന്ററിൽവച്ച് നടത്തപ്പെടുന്നു.

*FA 9 /2018* **ദമ്പതീധ്യാനം**

ദമ്പതികൾക്കായുള്ള നവീകരണധ്യാനം ഫെബ്രുവരി 16-ാം തീയതി വെള്ളി വൈകിട്ട് 4 മുതൽ 18-ാം തീയതി വൈകിട്ട് 5 വരെ മുതലക്കോടം സാപിയൻസിയ ഫാമിലി ഗൈഡൻസ് സെന്ററിൽ.

*FA 10 /2018* **ഗർഭിണികൾക്കുള്ള ധ്യാനം**

ഗർഭിണികൾക്കായുള്ള ഏലീശ്വാധ്യാനം ഫെബ്രുവരി 25-ാം തീയതി ഞായറാഴ്ച വൈകിട്ട് 4 മുതൽ 27-ാം തീയതി വൈകിട്ട് 5 വരെ മുതലക്കോടം സാപിയൻസിയ ഫാമിലി ഗൈഡൻസ് സെന്ററിൽ.

*FA 11 /2018* **പോസ്റ്റ്മാര്യേജ് കൂട്ടായ്മ**

2017 ഫെബ്രുവരി മാസത്തിൽ NESTT-ൽ Pre- Marriage കോഴ്സിൽ പങ്കെടുത്തവരുടെ കുടുംബസമ്മേളനം ഫെബ്രുവരി 11-ാം തീയതി ഞായറാഴ്ച രാവിലെ 10 മുതൽ 2 വരെ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തും. കൂട്ടായ്മയോടനുബന്ധിച്ച് വി. കുർബാന, ദിവ്യകാരുണ്യാരാധന, അനുഭവങ്ങൾ പങ്കുവയ്ക്കൽ, സ്നേഹവിരുന്ന് എന്നിവയും നടത്തപ്പെടും.

*FA 12 /2018* **ബധിരർക്കും മൂകർക്കും വേണ്ടിയുള്ള വിവാഹ ഒരുക്ക കോഴ്സ്**

കേരളകത്തോലിക്കാസഭയിൽ ബധിരർക്കും മൂകർക്കും വേണ്ടിയുള്ള വിവാഹഒരുക്ക കോഴ്സ് കെസിബിസി തലത്തിൽ സഭാ ആസ്ഥാ

നമായ പാലാരിവട്ടം പിഒസി-യിൽ ആരംഭിക്കുന്നു. കേരള സഭയിൽ ആദ്യമായിട്ടാണ് സഭാതലത്തിൽ ഇത്തരത്തിലുള്ള ഒരു സംരംഭം.

ഇക്കാര്യം ബഹുമാനപ്പെട്ട വികാരിമാർ ഞായറാഴ്ച കുർബാന മദ്ധ്യേ ആളുകളെ അറിയിക്കണം. ഇനി മുതൽ ഇടവകയിൽ ബധിരരും മൂകരും ആയിട്ടുള്ള യുവതീയുവാക്കൾ വിവാഹിതരാകുന്നതിനു മുമ്പ് ഈ കോഴ്സിൽ പങ്കെടുക്കുവാൻ ഓർമ്മിപ്പിക്കണം.

2018-ൽ ബധിരർക്കും മൂകർക്കുംവേണ്ടിയുള്ള രണ്ടു വിവാഹഒരുക്ക കോഴ്സുകളാണ് പിഒസിയിൽ ഒരുക്കിയിരിക്കുന്നത്.

1) ഏപ്രിൽ 13,14,15 2) നവംബർ 9, 10, 11

ബന്ധപ്പെടേണ്ട വിലാസം: സെക്രട്ടറി, കെസിബിസി ഫാമിലി കമ്മീഷൻ, പിഒസി, പാലാരിവട്ടം, കൊച്ചി-682 025, ഫോൺ: 99950 28229, 94958 12190, Email : kcbcfamilycommission@gmail.com,

Website:www.kcbcfamilycommission.org

*FA 13/2018* **Marriage Preparation Courses in Kerala, 2018 FEBRUARY**

| DIOCESE / ARCHDIOCESE - PHONE NUMBER | | 1st Week | 2nd Week | 3rd Week | 4th Week | |
|---|---|---|---|---|---|---|
| Alappuzha | 8113934970 | | 9-11 | | | |
| Changanacherry | 0481-2424476 | 5-7 | 12-14 | | | |
| Ernakulam (Kaloor) | 0484-2533077 | | 4-6 | | 19-21 | |
| Ernakulam (Kalady) | 0484-2462607 | | | | 27-1 | |
| Idukki | 04864222632,9447777935 | | 12-14 | | 23-25 | |
| Kanjirappally | 0482-8205628,9497096431 | | | 5-7 | | |
| Kochi (Latin) | 0484-2328077,8547723791 | | | 8-11 | | 22-25 |
| Kollam (Latin) | 0474-2749349,9645671314 | | | 7-9 | | 21-23 |
| Kothamangalam | 0485-2989222,9495011191 | | | 7-9 | | 21-23 |
| Kottappuram (Latin) | 0480-2807733,9446605551 | | | 7-9 | | |
| Kozhikkode | 9349437053 | | | | 21-23 | |
| Mananthvady | 0493-5241335,9567764944 | | | 9-12 | | |
| Mavelikkara (Malankara) | 9447280528 | | 9-11 | | | |
| Neyyattinkara (Latin) | 9447005093 | | 14-16 | | | |
| Palai | 0482-2210049 | | | 13-15 | | |
| Palakkad | 8281340073 | 5-8 | | | | |
| Pathanamthitta | 9496806089 | | 9-11 | | | |
| Thalassery | 0490-2343414, 9446679001 | | | 6-8 | | 20-22 |
| Thamarassery | 0495-2730860, 9495693810 | | | 6-9 | | |
| Thiruvalla | 9895556074 | | 6-8 | | 20-22 | |
| Thiruvananthapuram(Latin | 9895092479 | | | 19-21 | | |
| Thiruvananthapuram(Malankara) | 8304841964 | | 9-11 | | | |
| Thrissur | 0487-2336066, 9605043327 | | 7-9 | 14-16 | 21-23 | 28-2 |
| Varappuzha | 0484-2393739 | 2-4 | | 16-18 | | |
| Vijayapuram | 9447182300 | | 8-10 | | | |

*Director*



# മാതൃവേദി

*MV 4/2018* **പാർഥേനോസ് 2017**

മാതൃവേദി പാർഥേനോസ് 2017 വാർഷികാഘോഷം വിപുലമായ പരിപാടികളോടെ നടത്തി. അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് ഉദ്ഘാടനം നിർവ്വഹിച്ചു. വിവിധ ഇടവകകളിലെ മാതാക്കളുടെ കലാപരിപാടികളും നടത്തപ്പെട്ടു. ബെസ്റ്റ് ഫൊറോനയായി കോതമംഗലം തെരഞ്ഞെടുക്കപ്പെട്ടു. അന്നേ ദിവസം 2018-19 വർഷത്തെ പുതിയ മാതൃവേദി ഭാരവാഹികൾ തങ്ങളുടെ ചുമതല ഏറ്റെടുത്തു.

*MV 5/2018* **2018 DIOCESAN DELEGATES**

| | | |
|---|---|---|
| പ്രസിഡന്റ് | മോളി ജോർജ് | ആരക്കുഴ |
| വൈ. പ്രസിഡന്റ് | ബെറ്റി കോരാച്ചൻ | നെല്ലിമറ്റം |
| സെക്രട്ടറി | സിനി മനോജ് | കല്ലൂർക്കാട് |
| ജോ. സെക്രട്ടറി | റിൻസി ജോസ് | നെടിയശാല |
| ട്രഷറർ | ലിറ്റി സിബി | മൈലക്കൊമ്പ് |
| നാഷണൽ സെനറ്റ് മെമ്പേഴ്സ് | നിഷ സോമൻ | തൊടുപുഴ |
| | ലൈല സെബാസ്റ്റ്യൻ | കാരക്കുന്നം |

*MV 6/2018* **ഉണർവ്വ് 2018**

നൂതനമായ ആശയങ്ങളും സമഗ്രമായ വളർച്ചയ്ക്ക് ഉതകുന്ന പരിശീലനപരിപാടികളുമായി ഉണർവ്വ് 2018 ജനുവരി 29-ന് ആരംഭിച്ചു. അന്നേ ദിവസംതന്നെ മുൻ അംഗങ്ങൾക്ക് സർട്ടിഫിക്കറ്റ് വിതരണവും നടത്തി. മാതാക്കളുടെ വിവിധ കലാപരിപാടികളും ഉണ്ടായിരുന്നു.

*Director*

# ദീപിക ഫ്രണ്ട്സ് ക്ലബ്ബ്

*DFC 7/2018* **വിമൻസ് ഫോറം രൂപതാ കമ്മിറ്റി**

DFC വിമൻസ് ഫോറം രൂപതാ കമ്മിറ്റി ജനുവരി 2-ാം തീയതി മൂവാറ്റുപുഴ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ യോഗം ചേർന്ന് ജനുവരി 16-ലെ രൂപതാ വിമൻസ് കൺവെൻഷന്റെ നടത്തിപ്പിനെക്കുറിച്ച് ചർച്ച ചെയ്തു. യോഗത്തിൽ DFC രൂപതാ ഡയറക്ടർ, പ്രസിഡന്റ്, സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ഷെയർ ഹോൾഡർ പ്രതിനിധി എന്നിവർ പങ്കെടുത്തു.

*DFC 8/2018* **ഫൊറോന സന്ദർശനം**

ജനുവരി 8, 9 തീയതികളിലായി രൂപത പ്രസിഡന്റ് ജിബോയിച്ചൻ വടക്കൻ, സെക്രട്ടറി തോമസ് കുണിഞ്ഞി എന്നിവർ രൂപതയിലെ ഫൊറോനകളിൽ സന്ദർശനം നടത്തുകയും പുതുവത്സരാശംസകൾ നേരുകയും ചെയ്തു.

*DFC 9/2018* **വിമൻസ് ഫോറം കൺവെൻഷൻ**

ഓരോ ഇടവകയിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ട് ജനുവരി 16-ാം തീയതി ചൊവ്വാഴ്ച 2.30-ന് മൂവാറ്റുപുഴ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് DFC രൂപതാതല വിമൻസ് ഫോറം കൺവെൻഷൻ നടത്തി. രൂപത ചാൻസിലർ ഫാ. ജോസ് പുല്ലോപ്പിള്ളിൽ സമ്മേളനം ഉദ്ഘാടനം ചെയ്തു.

*DFC 10/2018* **സംസ്ഥാന കൺവെൻഷൻ കമ്മിറ്റി യോഗം**

അടുത്ത മെയ്മാസത്തിൽ നടക്കുവാനിരിക്കുന്ന DFC സംസ്ഥാന കൺവെൻഷൻ നടത്തിപ്പിനെക്കുറിച്ചാലോചിക്കുവാനായി ജനുവരി 17-ാം തീയതി രാവിലെ 10.30-ന് കോട്ടയം ദീപിക ഓഫീസിൽ വച്ച് കൺവെൻഷൻ കമ്മിറ്റി യോഗം നടന്നു. രൂപതയിൽ നിന്നും ഡയറക്ടർ, പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ എന്നിവർ പങ്കെടുത്തു.

*DFC 11/2018* **അഭിവന്ദ്യ പിതാവുമായി ചർച്ച**

DFC യുടെ പ്രവർത്തന പുരോഗതിയെക്കുറിച്ചും വരുംദിനങ്ങളിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പരിപാടികളെക്കുറിച്ചും അഭിവന്ദ്യ പിതാവുമായി ജനുവരി 19-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00-ന് DFC ഭാരവാഹികളും വിമൻസ് ഫോറം ഭാരവാഹികളും ചേർന്ന് ചർച്ച നടത്തി.

*DFC 12/2018* **തൊടുപുഴ ഫൊറോന കൺവെൻഷൻ കമ്മിറ്റി**

ഫെബ്രുവരി 18-ാം തീയതി ഞായറാഴ്ച 2.00 pm-ന് തൊടുപുഴ ടൗൺ പള്ളിയിൽ വച്ച് നടക്കുവാനിരിക്കുന്ന തൊടുപുഴ ഫൊറോന കൺവെൻഷന്റെ നടത്തിപ്പിനെക്കുറിച്ചാലോചിക്കുവാനായി ഫൊറോന കമ്മിറ്റിയോഗം ജനുവരി 23-ാം തീയതി ചൊവ്വാഴ്ച 5.00 pm -ന് തൊടുപുഴ ടൗൺ പള്ളിയിൽ വച്ച് ചേർന്നു.

*DFC 13/2018* **ഫൊറോന ഡയറക്ടേഴ്സ് മീറ്റിംഗ്**

രൂപതയിലെ DFC ഫൊറോന ഡയറക്ടർമാർ, സഹഡയക്ടമാർ എന്നിവരുടെ യോഗം ജനുവരി 29-ാം തീയതി തിങ്കളാഴ്ച 6.00 pm -ന് അഭിവന്ദ്യ പിതാവന്റെ സാന്നിദ്ധ്യത്തിൽ ബിഷപ്സ് ഹൗസിൽ വച്ച് ചേർന്നു.



*DFC 14/2018* **വിമൻസ് ഫോറം ഫൊറോന കമ്മിറ്റികൾ**

DFC വിമൻസ് ഫോറം ഫൊറോന കമ്മിറ്റിയോഗങ്ങൾ ബഹു. ഫൊറോന ഡയറക്ടറച്ചന്മാരുടെ അദ്ധ്യക്ഷതയിൽ വിവിധ ഫൊറോനകളിൽ നടന്നു വരുന്നു.

*Co-ordinator*

## യുവദീപ്തി

*YD 2/2018* **രൂപതാ കൗൺസിൽ**

നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ നടന്ന യുവദീപ്തി കെ.സി.വൈ.എം. രൂപതാ വാർഷിക കൗൺസിലിൽ 2018 വർഷത്തെ കോതമംഗലം രൂപതാഭാരവാഹികളെ തിരഞ്ഞെടുത്തു. രൂപതയിലെ 12 ഫൊറോനകളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുത്ത കൗൺസിൽ രൂപതാ ചാൻസിലർ വെരി. റവ. ഫാ. ജോസ് പുല്ലോപ്പിള്ളിൽ ഉദ്ഘാടനം ചെയ്തു. തുടർന്ന് നടന്ന ഇലക്ഷന് ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ കണിമറ്റത്തിൽ, ആനിമേറ്റർ സി. അലീന FCC എന്നിവർ നേതൃത്വം നൽകി.

പ്രസിഡന്റ് : സിറിൾ ജോസഫ് അത്തിക്കൽ (നെയ്യശ്ശേരി), ജനറൽ സെക്രട്ടറി: ജിബിൻ ജോർജ് താന്നിക്കാമറ്റത്തിൽ (നാകപ്പുഴ), വൈസ് പ്രസിഡന്റ് : ഫിയോണ ബെന്നി കളപ്പുരയ്ക്കൽ (വിജ്ഞാനമാതാ), ടോമിൻ മാത്യു മാതേയ്ക്കൽ (മീങ്കുന്നം), സെക്രട്ടറി: സോയി ജോസഫ് ചൂരനോലിൽ (പന്നിമറ്റം), അരുൺ പോൾ ബാബു കള്ളിക്കാട്ടുകുടി (നെടുങ്ങപ്ര), സജ്ന ജോർജ് ആർപ്പത്താനത്ത് (കാളിയാർ), അനു ഫ്രാൻസിസ് കളപ്പുരയ്ക്കൽ (മുതലക്കോടം), ട്രഷറർ : റോസ് ഫ്രാൻസിസ് മൂഴിയിൽ (മൂവാറ്റുപുഴ), സിൻഡിക്കേറ്റ് അംഗങ്ങൾ : ടോം ചക്കാലക്കുന്നേൽ (വാഴക്കുളം), ജോസ്ന ജോസഫ് മാറാപ്പിള്ളിൽ (പോത്താനിക്കാട്), സെനറ്റ് മെമ്പേഴ്സ് : സിറിൾ ജോസഫ് അത്തിക്കൽ, ജോസ് കെ. പീറ്റർ കുഞ്ചിറക്കാട്ട് (കാളിയാർ), ആൻമേരി സി. ചിറപ്പുറത്ത് (ഉടുമ്പന്നൂർ), റോസ് മരിയ ജോർജ് കണിയാംമാട്ടേൽ (ആരക്കുഴ).

*YD 3/2018* **ഫൊറോനാ കൗൺസിൽ**

ഫെബ്രുവരി മാസത്തിൽ തന്നെ എല്ലാ ഫൊറോനകളിലും ഫൊറോന കൗൺസിലുകൾ പൂർത്തിയാക്കുവാൻ ബഹു. ഫൊറോന ഡയറക്ടർമാരും ഭാരവാഹികളും പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

*Director*

# ജീസസ് യൂത്ത്

*JY 5/2018* **റീജിയണൽ ട്രെയിനിംഗ്**

കോതമംഗലം, ഇടുക്കി, കട്ടപ്പന രൂപതകളിലെ ജീസസ് യൂത്ത് ലീഡേഴ്സിനുവേണ്ടി മൂവാറ്റുപുഴ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് ട്രെയിനിംഗ് പ്രോഗ്രാം ജനുവരി 19, 20, 21 തീയതികളിൽ നടത്തി. ജീസസ് യൂത്ത് കേരള ടീം നേതൃത്വം നൽകി.

*JY 6/2018* **ഫാമിലി ഗാതറിംഗ്**

ജനുവരി 26-ന് ജീസസ് യൂത്ത് കോതമംഗലം സോണിന്റെ ഫാമിലി ടീമിന്റെ നേതൃത്വത്തിൽ മൂവാറ്റുപുഴ നിർമ്മല പബ്ലിക് സ്കൂളിൽ വച്ച് ഫാമിലി ഗാതറിംഗ് നടത്തി.

*JY 7/2018* **നൈറ്റ് വിജിൽ**

ജീസസ് യൂത്ത് കോതമംഗലം സോണിന്റെ നേതൃത്വത്തിൽ ജനുവരി 12-ന് മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് നൈറ്റ് വിജിൽ നടത്തി. അടുത്ത നൈറ്റ് വിജിൽ ഫെബ്രുവരി 9-ാം തീയതി നടത്തുന്നു.

*JY 8/2018* **വൺ ഡേ പ്രോഗ്രാം**

നാകപ്പുഴ ഇടവകയിലെ തിരുബാലസഖ്യം കുട്ടികൾക്കായി ജീസസ് യൂത്ത് ജനുവരി 26-ന് വൺഡേ പ്രോഗ്രാം നടത്തി.

*Animator*

# ഓൾ കേരള കാത്തലിക് കോൺഗ്രസ്

*AKCC 6 /2018* **സത്ന ആക്രമണം - കത്തോലിക്കാ കോൺഗ്രസ് പ്രതിഷേധിച്ചു**

മധ്യപ്രദേശിലെ സത്നയിൽ ക്രിസ്തുമസ് പരിപാടികളിൽ പങ്കെടുത്ത വൈദികരെയും വൈദിക വിദ്യാർത്ഥികളെയും ആക്രമിക്കുകയും വാഹനം കത്തിക്കുകയും അവരുടെ പേരിൽ കള്ളക്കേസ് എടുക്കുകയും ചെയ്ത സംഭവത്തെ കത്തോലിക്കാ കോൺഗ്രസ് കോതമംഗലം രൂപതാസമിതി അതിശക്തമായി അപലപിച്ചു. രൂപതാസമിതിയുടെ ആഹ്വാനം അനുസരിച്ച് ആരക്കുഴ, വാഴക്കുളം, മാറിക എന്നിവിടങ്ങളിൽ പ്രതിഷേധ യോഗങ്ങൾ ചേർന്നു. സംഭവത്തിൽ സഭയ്ക്കുണ്ടായ ഉൽക്കണ്ഠയും ആശങ്കയും കേന്ദ്രഗവൺമെന്റിനെ അറിയിച്ചതോടൊപ്പം മേലിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള നടപടികൾ വേണ്ടപ്പെട്ടവർ സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടു.



*AKCC 7 /2018* **സൺഡേ മാർക്കറ്റ്**

'വിഷരഹിത ഭക്ഷണം, ആരോഗ്യജീവിതം' എന്ന കത്തോലിക്കാ കോൺഗ്രസ് രൂപതാസമിതിയുടെ മുദ്രാവാക്യം ഉൾക്കൊണ്ടുകൊണ്ട് കോതമംഗലം ഫൊറോന സമിതിയുടെയും മാതിരപ്പിള്ളി യൂണിറ്റിന്റെയും കോതമംഗലം ഫൊറോന കർഷകവേദിയുടെയും സംയുക്താഭിമുഖ്യത്തിൽ 17-12-2017 -ൽ മാതിരപ്പിള്ളി പള്ളിയോട് അനുബന്ധിച്ച് ഒരു 'സൺഡേ മാർക്കറ്റ്' രൂപത പ്രസിഡന്റ് ശ്രീ. ഐപ്പച്ചൻ തടിക്കാട്ട് ഉദ്ഘാടനം ചെയ്തു. വിഷരഹിത കാർഷിക ഉല്പന്നങ്ങൾ വാങ്ങുന്നതിനും വില്ക്കുന്നതിനും ഉള്ള സൗകര്യം ഇവിടെ ഉണ്ടായിരിക്കുന്നതാണ്.

*AKCC 8 /2018* **ഫൊറോനാസമിതികൾ പുനഃസംഘടിപ്പിച്ചു**

കത്തോലിക്കാ കോൺഗ്രസിന്റെ പ്രവർത്തനം ഫൊറോനകളിൽ കൂടുതൽ സജീവമാക്കുന്നതിന്റെ ഭാഗമായി ഡിസംബർ മാസത്തിൽ ആരക്കുഴ, കാളിയാർ എന്നീ ഫൊറോനാസമിതികൾ പുനഃസംഘടിപ്പിച്ചു.

*AKCC 9/2018* **കത്തോലിക്കാ കോൺഗ്രസ് ഡയറക്ടറി**

കോതമംഗലം രൂപതയിൽ കത്തോലിക്കാ കോൺഗ്രസിന്റെ നേതൃനിരയിൽ പ്രവർത്തിക്കുന്നവരുടെ വിവരങ്ങൾ ഉൾപ്പെടുത്തി ഒരു ഡയറക്ടറി പ്രസിദ്ധീകരിക്കാൻ തീരുമാനിച്ചു. രൂപതാ, ഫൊറോന, യൂണിറ്റ് തല സമിതികളുടെ ഭാരവാഹികളുടെ ഫോട്ടോയും, അഡ്രസ്സും, ഫോൺനമ്പറുമാണ് ഡയറക്ടറിയിൽ ഉണ്ടാകേണ്ടത്. എല്ലാ നേതാക്കളും അവരുടെ ഫോട്ടോ എത്രയും വേഗം രൂപതാസമിതിയെ ഏല്പിക്കണമെന്ന് താല്പര്യപ്പെടുന്നു.

*AKCC 10 /2018* **പഞ്ചായത്തുസമിതികൾ**

ത്രിതലപഞ്ചായത്തുകൾ വഴിയും മറ്റ് ഗവൺമെന്റ് സ്ഥാപനങ്ങൾ വഴിയും പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന ആനുകൂല്യങ്ങൾ അർഹതപ്പെട്ടവർക്ക് ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തുവാൻ കത്തോലിക്കാ കോൺഗ്രസിന്റെ ഫൊറോനാസമിതികളുടെ നേതൃത്വത്തിൽ പഞ്ചായത്തുസമിതികൾ രൂപീകരിക്കുന്നു. ആദ്യപടിയായി കവളങ്ങാട് പഞ്ചായത്ത് സമിതി രൂപീകരിക്കാൻ വൈസ് പ്രസിഡന്റ് ശ്രീ. ജോയി പോൾ പീച്ചാട്ടിനെയും മഞ്ഞള്ളൂർ പഞ്ചായത്തു സമിതി രൂപീകരിക്കാൻ ജനറൽ സെക്രട്ടറി ശ്രീ. ജോസ് ചെറിയാൻ പുതിയിടത്തിനെയും 22-12-2017-ൽ ബിഷപ് ഹൗസിൽ ചേർന്ന രൂപതാ വർക്കിംഗ് കമ്മിറ്റി ചുമതലപ്പെടുത്തി.

*Director*

# ഇൻഫാം

*INF 2 /2018* **സംസ്ഥാന കർഷകദിനമാചരിച്ചു**

ഇൻഫാമിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനതല കർഷകദിനാചരണം വാഴക്കുളത്ത് നടത്തി. സംസ്ഥാന ഡയറക്ടർ ഫാ. ജോസ് മോനിപ്പിള്ളിൽ ഉദ്ഘാടനം ചെയ്തു. സംസ്ഥാന കൺവീനർ ജോസ് എടപ്പാട്ട് അദ്ധ്യക്ഷത വഹിച്ചു.

ദേശീയ സെക്രട്ടറി ജനറൽ ഷെവ. വി.സി. സെബാസ്റ്റ്യൻ മുഖ്യ പ്രഭാഷണം നടത്തി.

ഫാ. ജോയി അറമ്പൻകുടി, എം.സി. ജോർജ് എന്നിവർ ക്ലാസ്സെടുത്തു. കാർഷിക മേഖലയിലെ മികച്ച കണ്ടുപിടുത്തം നടത്തിയ അവാർഡ് ജേതാക്കളെ ദേശീയ വൈസ് ചെയർമാൻ മൈതീൻ ഹാജി പ്രഖ്യാപിച്ചു. ജീവകാരുണ്യപ്രവർത്തനങ്ങളുടെ ഭാഗമായി കർഷകർ ഉല്പാദിപ്പിച്ചതും സംഭരിച്ചതുമായ ഉല്പന്നങ്ങൾ ഇൻഫാം പ്രവർത്തകർ ബസ്ലേഹം സെന്റ് ജോസഫ്സ് ശാന്തി ഭവനിൽ എത്തിച്ചു നൽകി.

വാഴക്കുളത്തുള്ള ഇൻഫാം കർഷകന്റെ കടയുടെ ഒന്നാം വാർഷികവും കർഷക ദിനാചരണത്തോടനുബന്ധിച്ചു നടത്തി. ആന്റി നീറ്റോ പുതുപ്പിള്ളിൽ, കെ.എം. വിൽസൺ, ജോബി സെബാസ്റ്റ്യൻ എന്നിവർക്കാണ് ഇൻഫാം പുരസ്കാരം ലഭിക്കുന്നത്.

എം.ടി. ഫ്രാൻസിസ്, ജോയി തെങ്ങുംകുടി, ജോയി പള്ളുവാതുക്കൽ, റോയി വള്ളമറ്റം, കെ.എസ്. മാത്യു, പി.വി. ഏലിയാസ്, ഒ.എം. ജോർജ് എന്നിവർ പ്രസംഗിച്ചു.

*Director*

# അല്മായഫ്രാൻസിസ്കൻ സഭ

*SFO 2/2018* **തിങ്കളാഴ്ചകളിലെ ഭക്ഷണവിതരണശുശ്രൂഷ**

നിർദ്ധനരോഗികൾക്കുള്ള ഭക്ഷണ വിതരണം (ഊണ്) മൂവാറ്റുപുഴ ഗവ. ആശുപത്രിയിൽ എല്ലാ തിങ്കളാഴ്ചകളിലും SFO കോതമംഗലം രൂപത അംഗങ്ങൾ ഏറ്റെടുത്ത് നടത്തുന്നു. 02-04-2012 -ൽ ആരംഭിച്ച ഈ സത്ക്കർമ്മം ഇപ്പോൾ 5 വർഷവും 11 മാസം ആയി അനുസ്യൂതം തുടരുന്നു. ഈ ശുശ്രൂഷ നടത്തിപ്പിന്റെ മേൽനോട്ടം വഹിക്കുന്നത് മൂവാറ്റുപുഴ നിർമ്മലമാതാ ഇടവകയിലുള്ള SFO രൂപത വൈസ് മിനിസ്റ്റർ ബ്രദർ കെ.ജെ. തോമസ് കുറുകയിൽ ആണ്.



*SFO 3/2018* **ഓർഫനേജ് സന്ദർശനം**

കഴിഞ്ഞ ഡിസംബർ മാസം കുന്നക്കുരുടി സ്നേഹാലയം ഓർഫനേജ്, കാവക്കാട് സെന്റ് ജോർജ് ഓർഫനേജ് എന്നീ ഇടങ്ങൾ സന്ദർശിക്കുകയും SFO രൂപതയുടെ വകയായി 10000 രൂപ വീതം (ആകെ 20000 രൂപ) സംഭാവന നൽകുകയും ചെയ്തു.

*Director*

# പ്രാർത്ഥനാഗ്രൂപ്പ്

*PG 5/2018* **സോണൽ പുനഃസംഘടന**

കത്തോലിക്കാ കരിസ്മാറ്റിക് മുന്നേറ്റം കോതമംഗലം സോൺ സർവീസ് ടീം പുനഃസംഘടന നടത്തി. KCCRS കളമശ്ശേരി എമ്മാവൂസിൽ വച്ച് രാജേഷ് പിട്ടാപ്പിള്ളിയെ കോ-ഓഡിനേറ്റർ ആയി നിയമിച്ചു. 01-01-2018-ന് കാരക്കുന്നം മോചനയിൽ വച്ച് സോണൽ ആനിമേറ്റർ റവ. ഫാ. ജോർജ് കുരിശുംമൂട്ടിലിന്റെ നേതൃത്വത്തിൽ സോണൽ സർവീസ് ടീം അംഗങ്ങളായും കോഡിനേറ്റേഴ്സുമായി തിരഞ്ഞെടുക്കപ്പെട്ടവർ: എ.ജെ. ജോയി തൃക്കാരിയൂർ (സെക്രട്ടറി), അഗസ്റ്റിൻ മണ്ണാപറമ്പിൽ (ട്രഷറർ), കെ.വി. ജോൺസൺ പൈങ്ങോട്ടൂർ, ജോൺസൺ കാനത്തിൽ (പാരീഷ്), മാത്യൂസ് വെമ്പിള്ളി പൈങ്ങോട്ടൂർ (ജീവജ്വാല), സോജൻ കെ. പോൾ (ജീസസ്സ് യൂത്ത്, ക്രിസ്റ്റീൻ), മോളി ബോബൻ, (പൂയംകുട്ടി, കപ്പിൾസ്) വൽസമ്മ ജെയിംസ് (തൊടുപുഴ, കെരിഗ്മ) മേരി കളരിക്കൽ (മാറിക മരിയൻ സിംഗിൾസ്, തൂവാനീന).

തിരഞ്ഞെടുത്ത പുതിയ സേവന സമിതി അംഗങ്ങൾ ഫാ. ജോർജ് കുരിശുമൂട്ടിലിന്റെ നേതൃത്വത്തിൽ കോതമംഗലം രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവിനെ സന്ദർശിച്ചു. 2018-2020 പ്രവർത്തന വർഷങ്ങളിൽ കോതമംഗലം സോണിൽ നടത്തുവാനാഗ്രഹിക്കുന്ന ശുശ്രൂഷകളെക്കുറിച്ച് ചർച്ച ചെയ്യുകയും പിതാവിൽനിന്ന് ആശീർവാദം നേടുകയും ചെയ്തു.

*PG 6/2018* **ട്രെയിനിംഗ് പ്രോഗ്രാം**

കോതമംഗലം ഉൾപ്പെടെ കേരളത്തിലെ 24 സോണൽ സമിതി അംഗങ്ങൾക്കുമായി കളമശ്ശേരി എമ്മാവൂസിൽ വച്ച് ട്രെയിനിംഗ് നടന്നു. KCCRS ചെയർമാൻ റവ. ഫാ. വറുഗീസ് മുണ്ടയ്ക്കൽ, റവ. ഫാ. സ്റ്റാൻലി മാതിരപ്പിള്ളി, KCCRS വൈസ് ചെയർമാൻ ബ്ര. ഷാജി വൈക്കത്തുപറമ്പിൽ, സെക്രട്ടറി ബ്ര. സെബാസ്റ്റ്യൻ കാഞ്ഞിരപ്പിള്ളി എന്നിവർ ക്ലാസ്സുകൾ നയിച്ചു. ജനുവരി 9-ന് ആരംഭിച്ച ട്രെയിനിംഗ്

പ്രോഗ്രാം 10-ാം തീയതി KCBC കരിസ്മാറ്റിക് കമ്മീഷൻ ചെയർമാൻ മാർ സാമുവൽ ഐറിനോസ് പിതാവിന്റെയും 20-ൽ പരം വൈദികരുടെയും കാർമ്മികത്വത്തിൽ ഉള്ള അഭിഷേകപ്രാർത്ഥനയോടെ സമാപിച്ചു.

*PG 7/2018* **സംയുക്ത സർവീസ് ടീം**

കോതമംഗലം സോണിലെ കഴിഞ്ഞ വർഷത്തെ സർവീസ് ടീമിലെയും പുതിയ സർവീസ് ടീമിലെയും അംഗങ്ങൾ ചേർന്നുള്ള സംയുക്ത സർവീസ് ടീം ജനുവരി 16-ന് മോചനയിൽ വച്ച് സമ്മേളിച്ചു. 10.30 മുതൽ 1.00 മണി വരെയുള്ള മദ്ധ്യസ്ഥപ്രാർത്ഥനയ്ക്കു ശേഷം ഉച്ചഭക്ഷണത്തോടെ സർവ്വീസ് ടീം യോഗം സമാപിച്ചു.

*PG 8/2018* **കരിസ്മാറ്റിക് ദിനാചരണം**

കത്തോലിക്കാ കരിസ്മാറ്റിക് മുന്നേറ്റം കോതമംഗലം സോണിന്റെ ആഭിമുഖ്യത്തിൽ പ്രാർത്ഥനാഗ്രൂപ്പ് അംഗങ്ങൾക്കായി ജനുവരി 26-ന് കാരക്കുന്നം മോചനയിൽ വച്ച് കരിസ്മാറ്റിക് ദിനാചരണം നടത്തി. KCCRS വൈസ് ചെയർമാൻ ബ്രദർ ഷാജി വൈക്കത്തുപറമ്പിൽ നവീകരണ മുന്നേറ്റത്തിലെ വിവിധ മിനിസ്ട്രികളെക്കുറിച്ച് ക്ലാസ്സുകൾ നയിച്ചു.

കോതമംഗലം രൂപതാ വികാരി ജനറാൾ മോൺ. ജോർജ് ഓലിയപ്പുറം വിശുദ്ധ കുർബാനയർപ്പിച്ച് വചനസന്ദേശം നൽകി. റവ. ഫാ. ജോർജ് കുരിശുംമൂട്ടിൽ, രാജേഷ് പിട്ടാപ്പിള്ളിൽ എന്നിവരുടെ നേതൃത്വത്തിൽ വിവിധ മിനിസ്ട്രികളെക്കുറിച്ചുള്ള പ്ലാനിങ്ങുകളും ചർച്ചകളും നടന്നു. ദിവ്യകാരുണ്യാരാധനയോടെ സമാപിച്ചു.

*Director*

# സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി

*SV 3 /2018* **കാളിയാർ ഏരിയ കൗൺസിൽ സുവർണ്ണ ജൂബിലി വർഷ പ്രവർത്തനങ്ങൾ**

ഒരു വർഷം നീണ്ടുനിന്ന ജൂബിലി ആഘോഷപരിപാടികൾ കോൺഫ്രൻസ് നടപ്പാക്കിയ കർമ്മപരിപാടികളിലൂടെ ശ്രദ്ധേയമായി മാറി.

ജൂബിലി ഭവനനിർമ്മാണത്തിന് കോൺഫറൻസ് നല്കിയ സഹായം എടുത്തു പറയേണ്ടതാണ്. സമയബന്ധിതമായി പണി പൂർത്തിയാക്കുവാനും താക്കോൽദാനം സമാപന സമ്മേളനത്തിൽ വച്ച് അഭിവന്ദ്യ പിതാവിനെക്കൊണ്ട് നടത്തിക്കുവാനും സാധിച്ചു. കൂടാതെ ഇടവകയിലെ ഒരു കുടുംബത്തിന് ടോയ്‌ലറ്റ് നിർമ്മിക്കുവാൻ 30500



രൂപയുടെ സഹായം നല്കുവാൻ കോൺഫ്രൻസിന് കഴിഞ്ഞു.

രണ്ട് കാൻസർ രോഗികൾക്ക് ഉൾപ്പെടെ 58000 രൂപയുടെ ധനസഹായം വിതരണം ചെയ്തു. കൂടാതെ, ബക്സർ ഇടവകയിലെ ഒരു കോൺഫ്രൻസിനെ ദത്തെടുക്കുകയും അവർക്ക് സഹായം എത്തിക്കുകയും ചെയ്തുവരുന്നു.

2017 ഒക്ടോബർ 13-ന് മരണമടഞ്ഞ അംഗങ്ങൾക്കുവേണ്ടി ദിവ്യബലിയും ഒപ്പീസും നടത്തി പ്രാർത്ഥിച്ചു. കുടുംബാംഗങ്ങളെയും ക്ഷണിച്ചിരുന്നു.

നവംബർ 19-ന് മാതൃദീപ്തിയുമായി സഹകരിച്ച് ഒരു രക്ത നിർണ്ണയക്യാമ്പ് സംഘടിപ്പിച്ചു. തുടർന്ന് ഡിസംബർ 2-ന് അങ്കമാലി ലിറ്റിൽഫ്ളവർ ആശുപത്രിയിലെ നേത്രരോഗവിഭാഗവുമായി സഹകരിച്ച് ഒരു നേത്ര പരിശോധന ക്യാമ്പും സംഘടിപ്പിച്ചു.

2017 ഡിസംബർ 17-ന് കാളിയാർ ഇടവക അതിർത്തിയിൽ പ്രവർത്തിക്കുന്ന സുവിശേഷാശ്രമത്തിൽ വച്ച് ഏരിയ കൗൺസിലിന്റെ അർദ്ധവാർഷിക സെമിനാർ നടത്തി. നൂറിലധികം ആളുകൾ അന്തേവാസികളോടൊപ്പം ദിവ്യബലിയിൽ പങ്കെടുത്തു. അവരോടൊപ്പം ഉച്ചഭക്ഷണവും കഴിച്ചു.

സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ സമാപനദിനത്തിൽ സ്വയം തൊഴിൽ പദ്ധതിയിൽ ഉൾപ്പെടുത്തി ഇടവകയിലെ അർഹരായ 50 കുടുംബങ്ങൾക്ക് ഓരോ ആടുകളെ വിതരണം ചെയ്തു. ഇതിന് 150000 രൂപ ചെലവ് വന്നു.

അഭിവന്ദ്യപിതാവിന്റെ ആഗ്രഹവും നിർദ്ദേശവും കണക്കിലെടുത്ത് കാളിയാർ ഇടവകയിൽ ഒരു യൂത്ത് കോൺഫ്രൻസ് ആരംഭിക്കുകയും സമാപന സമ്മേളനത്തിൽ വച്ച് അതിന്റെ ഉദ്ഘാടനം നടത്തപ്പെടുകയും ചെയ്തു.

*SV 4 /2018* **കാളിയാർ സെന്റ് റീത്താസ്**

കോൺഫ്രൻസ് അംഗങ്ങൾ ജൂബിലി സന്ദേശവുമായി ഇടവകയിലെ മുഴുവൻ ഭവനങ്ങളും സന്ദർശിച്ചു.

കോതമംഗലം സി.സി.യുടെ ആഭിമുഖ്യത്തിൽ നടത്തിയ യൂത്ത് മത്സരങ്ങളിൽ എ.സി.ക്ക് വേണ്ടി കാളിയാർ ഇടവകയിൽ നിന്നും പങ്കെടുത്ത ലിബിൻ സംഗീതത്തിലും ലിസ്മരിയ റോയി പ്രസംഗത്തിലും ഒന്നാംസ്ഥാനം കരസ്ഥമാക്കി. ഇവരിൽ ലിബിൻ സംസ്ഥാനതലത്തിൽ സംഗീതത്തിൽ ഒന്നാംസ്ഥാനവും ലിസ്മരിയ പ്രസംഗത്തിൽ മൂന്നാം സ്ഥാനവും നേടി.

കോൺഫ്രൻസ് അംഗങ്ങൾ ഇടവകയിലെ ഭവനങ്ങളിൽ നിന്നും

ശേഖരിച്ച ഉപയോഗ യോഗ്യമായ വസ്ത്രങ്ങൾ എറണാകുളത്ത് പാലി യേറ്റീവ് കെയർ കേന്ദ്രത്തിൽ എത്തിച്ചു നൽകി.

*SV 5 /2018* **കരിമണ്ണൂർ ലേഡീസ് കോൺഫ്രൻസ്**

കരിമണ്ണൂർ സെന്റ് മേരീസ് ലേഡീസ് കോൺഫ്രൻസ് ക്രിസ്തുമസ് പ്രമാണിച്ചു 750 കിലോ അരി 150 പേർക്ക് വിതരണം നടത്തി. ആദ്ധ്യാത്മികോപദേഷ്ടാവ് ഫാ. തോമസ് കുഴിഞ്ഞാലിൽ വിതരണോദ്ഘാടനം നടത്തി. കോൺഫ്രൻസ് പ്രസിഡന്റ് സി. മേരി സെബാസ്റ്റ്യൻ മാതാളികുന്നേലിനോടൊപ്പം കോൺഫ്രൻസ് അംഗങ്ങളും ഇതര കോൺഫ്രൻസ് പ്രസിഡന്റുമായ ബ്രദർ സോജൻ ജോസഫ്, ബ്രദർ ബിനോയി പുത്തൻപുരയ്ക്കൽ, മുൻ എ.സി. പ്രസിഡന്റ് ജോളി കുമ്പാട്ട്, എ.സി. പ്രസിഡന്റ് ബ്രദർ ബെന്നി ചൂരത്തൊട്ടിൽ എന്നിവരും പങ്കെടുത്തു.

*SV 6 /2018* **വിജ്ഞാനമാതാ കോൺഫറൻസ് തൊടുപുഴ**

വിദ്യാഭ്യാസ സഹായമായി 11000 രൂപ മേരി റാണി കോൺവെന്റിലെ കുട്ടികൾക്ക് നല്കി. 8276 രൂപയുടെ ഭക്ഷണസഹായം ഗവൺമെന്റ് ആശുപത്രിയിലും, ബാലികാഭവനിലും നൽകി. ചികിത്സാസഹായം 11050 രൂപ, ദത്തുകുടുംബസഹായം 8000 രൂപ എന്നിങ്ങനെയും നല്കി. ജനുവരി 7-ന് കുടുംബസംഗമം നടത്തി.

*SV 7 /2018* **സെന്റ് സെബാസ്റ്റ്യൻസ് കോൺഫറൻസ് പന്നിമറ്റം**

നവംബർ, ഡിസംബർ മാസങ്ങളിലായി ചികിത്സയ്ക്ക് ആകെ 1000 രൂപയും അനാഥാലയത്തിൽ ഭക്ഷണസഹായമായി 10500 രൂപയും അടുക്കളയില്ലാതിരുന്ന ഒരു വീടിന് അടുക്കള നിർമ്മിക്കുന്നതിനായി സാധനങ്ങളും പണിക്കൂലിയുമായി 16000 രൂപയും സമാഹരിച്ചു നൽകി. ഏകദേശം 5000 രൂപയ്ക്കു തുല്യമായ ശ്രമദാനപ്രവർത്തനങ്ങൾ നടത്തി.

സെന്റ് ജോസഫ്സ് കോൺഫറൻസിന്റെ നേതൃത്വത്തിൽ ഒരു ഭവനത്തിന്റെ നിർമ്മാണം പുരോഗമിക്കുന്നു. ഇതുവരെ 67600 രൂപ ചെലവായി. ചികിത്സാസഹായമായി 2000 രൂപയും ദത്തുകുടുംബങ്ങൾക്കായി 3400 രൂപയും നൽകി. 31.12.2017 -ൽ ദത്തുകുടുംബസംഗമവും സംഘടിപ്പിച്ചു.

*SV 8 /2018* **തൊടുപുഴ സെന്റ് മൈക്കിൾസ് കോൺഫറൻസ്**

സെന്റ് മൈക്കിൾസ് കോൺഫറൻസിന്റെ നേതൃത്വത്തിൽ ചെല്ലാനം പ്രദേശത്തെ 'ഓഖി' ദുരിതബാധിതരെ സന്ദർശിച്ച് സാന്ത്വനമരുളി. കോൺഫറൻസിലെ അംഗങ്ങളുടെ ശ്രമഫലമായി സമാഹരിച്ച 28750 രൂപ ആദ്ധ്യാത്മികോപദേഷ്ടാവും എ.സി. പ്രസിഡന്റ് ബ്രദർ ജോൺ മുണ്ടങ്കാവിലും കോൺഫറൻസ് പ്രസിഡന്റ് ബ്രദർ കുര്യാച്ചൻ



ഞരളക്കാട്ടും ചേർന്നു ദുരിതമനുഭവിക്കുന്ന കുടുംബങ്ങൾക്ക് കൈമാറി.

മാനസിക വൈകല്യമുള്ള വ്യക്തികളെ സംരക്ഷിച്ച് പരിപാലിക്കുന്ന മടക്കത്താനത്തെ അസ്സീസി ഭവൻ സന്ദർശിക്കുകയും ഒരു മാസത്തേയ്ക്കാവശ്യമായ 16938 രൂപ വില വരുന്ന പലചരക്കുസാധനങ്ങൾ വാങ്ങി നൽകുകയും ചെയ്തു.

ദത്തുകുടുംബങ്ങൾക്കായി 5500 രൂപയും വിദ്യാഭ്യാസസഹായമായി 8500 രൂപയും ചികിത്സാസഹായമായി 6000 രൂപയും വിതരണം ചെയ്തു.

*SV 7 /2018* **ലൂർദ്ദ് മാതാ കോൺഫ്രൻസ് തലയനാട്**

ഇടവകയിലെ എല്ലാഭവനങ്ങളും സന്ദർശിച്ച് പ്രാർത്ഥിക്കുകയും പ്രവർത്തന റിപ്പോർട്ട് നല്കുകയും ചെയ്തു. ഒരു ദത്തുകുടുംബത്തിന്റെ ജീർണ്ണാവസ്ഥയിലായ വീടിന്റെ മേൽക്കൂര പൊളിച്ചു മേയുകയും മറ്റ് അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്തു. പൊളിച്ചുമേയലിന് മുഴുവൻ കോൺഫറൻസ് അംഗങ്ങളും പങ്കെടുത്തു. വെള്ളസൗകര്യത്തിനായി ടാങ്കും, പൈപ്പ് ലൈനും, ടാപ്പും പിടിപ്പിച്ചുകൊടുത്തു. പഞ്ചായത്ത് വിഹിതം കൂടാതെ 20000 രൂപ കോൺഫറൻസ് ഇതിനായി മുടക്കി.

ജനൽപാളിയും കതകും ഇല്ലാത്ത ഒമ്പതു വീടുകൾക്കായി 66 ജനൽപാളികളും നാലുകതകുകളും നിർമ്മിച്ചു കൊടുക്കുവാൻ തീരുമാനിച്ചു. അതിന്റെ പണികൾ നടന്നുകൊണ്ടിരിക്കുന്നു. 65000 രൂപയാണ് ഇതിന്റെ എസ്റ്റിമേറ്റ്.

ഭവനനിർമ്മാണത്തിനായി 20000 രൂപ കൊടുത്തു. ഒരു എം.കോം. വിദ്യാർത്ഥിക്ക് ഫീസ്സിനായി 4800 രൂപ നല്കി. രണ്ടുപേർക്ക് ചികിത്സാസഹായമായി 10000 രൂപ നൽകി. ഡിസംബർ 31-ന് കുടുംബസംഗമം നടത്തി.

*Director*

## നെസ്റ്റ് പ്രോഗ്രാം

**Ph. 0485 - 2830033**

| | | |
|---|---|---|
| Feb. | 2 - 3 | - Credit Union Leaders' Meet 2018 |
| " | 7 - 9 | - Pre-Marriage Course |
| " | 10 | - CML - New Preists' Reception |
| " | 18 | - DCMS Diocesan Committee |
| " | 21 - 23 | - Pre-Marriage Course |

*Director*

# വാർത്തയും വിശേഷങ്ങളും

## അല്മായർക്കുള്ള നോമ്പുകാലധ്യാനം

NESTT -ൽ വച്ച് ഏപ്രിൽ 25 ഓശാന ഞായറാഴ്ച ഉച്ചകഴിഞ്ഞ് ആരംഭിച്ച് ബുധനാഴ്ച ഏപ്രിൽ 28-ന് 4 മണിക്ക് അവസാനിക്കുന്നു. ധ്യാനഗുരു: റവ. ഫാ. ലിജോ ചിറ്റിലപ്പിള്ളി (ഡയറക്ടർ, നെസ്റ്റ്, തൃശൂർ) സംബന്ധിക്കുവാൻ താല്പര്യമുള്ളവർ നേരത്തെ ഇടവക വികാരിയച്ചന്റെ അടുത്തോ NESTT - ഓഫീസിൽ നേരിട്ടോ വിവരം അറിയിക്കേണ്ടതാണ്. ഫീസ് ₹ 600 , ഫോൺ : 0485- 2830033, മൊബൈൽ : 9747975511, 9495011191

# രൂപതാദ്ധ്യക്ഷന്റെ ഡയറി

**ഡിസംബർ**

22 • ക്രിസ്തുമസ്സിനോടനുബന്ധിച്ച് ചെറുപുഷ്പമിഷൻലീഗ് രൂപതാ ഭാരവാഹികളുടെയും, മൈനർ സെമിനാരി വിദ്യാർത്ഥികളുടെയും നേതൃത്വത്തിൽ മുവാറ്റുപുഴ സബ്ജയിൽ സന്ദർശിച്ച് വി. കുർബാനയർപ്പിച്ച്, ക്രിസ്തുമസ് സന്ദേശം നല്കി.
• തൊടുപുഴ ഡി പോൾ സ്കൂളിൽ പുതുതായി നിർമ്മിച്ച - ഡിവൈൻ കിഡ്സ് വിഭാഗത്തിന്റെ വെഞ്ചരിപ്പുകർമ്മം നിർവഹിക്കുകയും സന്ദേശം നല്കുകയും ചെയ്തു.
• മൈനർ സെമിനാരിയിൽ ക്രിസ്മസ് ആഘോഷത്തിൽ പങ്കുചേർന്നു.

28 • കോടിക്കുളം സെന്റ് ആൻസ് ഇടവകയിൽ വി. കുർബാന അർപ്പിക്കുകയും വിൻസെന്റ് ഡി പോൾ സംഘടനയുടെ നേതൃത്വത്തിൽ നിർമ്മിച്ച ഭവനത്തിന്റെ താക്കോൽദാനകർമ്മം നിർവഹിക്കുകയും ചെയ്തു.
• മൈലക്കൊമ്പ് ദിവ്യരക്ഷാലയത്തോട് ചേർന്ന് C.ssR സന്യാസ സമൂഹത്തിന്റെ പുതുതായി നിർമ്മിച്ച ചാപ്പലിന്റെ വെഞ്ചരിപ്പുകർമ്മം നിർവഹിച്ചു.

24 • കത്തീഡ്രൽ ഇടവകയിൽ കെ.സി.ബി.സി. കമ്മീഷന്റെയും ബൈബിൾ അപ്പോസ്തലേറ്റിന്റെയും നേതൃത്വത്തിൽ നടന്ന ബൈബിൾ പരായണത്തിൽ പങ്കെടുത്തു.

25 • ഈശോയുടെ തിരുപ്പിറവി ദിനത്തിൽ കത്തീഡ്രൽ ഇടവകയിൽ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.



26 • കോലടി ഇടവകാംഗമായ ബഹു. ഡീക്കൻ ജോസ് കാഞ്ഞിരക്കൊമ്പിലിന് വൈദികപട്ടം നൽകി.
• മൈലക്കൊമ്പ് ഇടവകാംഗമായ നെല്ലിക്കുന്നേൽ ഏലമ്മ വർക്കിയുടെ മൃതശരീരത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.
• പെരിങ്ങഴ ഇടവകാംഗവും SD സന്യാസിനീ സമൂഹാംഗവുമായ സിസ്റ്റർ തേജസിന്റെ മാതാവിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് പെരിങ്ങഴ ഇടവകയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

28 • മീങ്കുന്നം ഇടവകാംഗമായ ബഹു. ഡീക്കൻ മാർട്ടിൻ കച്ചിറപ്പാറേക്കുടിയിലിന് വൈദികപട്ടം നല്കി.
• കത്തീഡ്രൽ ഇടവകയിലെ മാതൃവേദിയുടെ ആഭിമുഖ്യത്തിൽ പുതുതായി ആരംഭിച്ച - ഫിയാത്ത് മിഷന്റെ - ഓഫീസിന്റെ വെഞ്ചരിപ്പുകർമ്മം നിർവഹിച്ചു.

29 • രാമല്ലൂർ സാൻജോ മഠത്തിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

30 • വാഴപ്പിള്ളി ഈസ്റ്റ് ഇടവകാംഗമായ ബഹു. ഡീക്കൻ ആന്റണി വിളയപ്പിള്ളിക്ക് വൈദികപട്ടം നൽകി.
• ഇടുക്കി രൂപതയിലെ മുക്കുടം ഇടവകയിൽ ജൂബിലിയോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

31 • തൊടുപുഴ ഇടവകയിൽ പുതുതായി നിർമ്മിച്ച വി. എസ്തപ്പാനോസിന്റെ നാമധേയത്തിലുള്ള കപ്പേളയുടെ വെഞ്ചരിപ്പുകർമ്മം നിർവഹിക്കുകയും വി. കുർബാനയർപ്പിക്കുകയും ചെയ്തു.

**ജനുവരി**

1 • തൊമ്മൻകുത്ത് ഇടവകാംഗമായ ബഹു. ഡീക്കൻ ജോസഫ് കുന്നുംപുറത്തിന് വൈദികപട്ടം നൽകി.

2 • മുതലക്കോടം ഇടവകാംഗമായ ബഹു. ഡീക്കൻ പോൾ ആക്കപ്പടിക്കലിന് വൈദികപട്ടം നൽകി.

3 • മൂവാറ്റുപുഴ നിർമ്മലമാതാ ഇടവകാംഗവും O. Carm സന്യാസ സഭാംഗവുമായ ബഹു. ഡീക്കൻ ടോമി തെക്കേപ്പുറത്തിന് വൈദികപട്ടം നൽകി.
• കോതമംഗലം രൂപതാംഗമായ ബഹു. തോമസ് പിട്ടാപ്പിള്ളിൽ അച്ചന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് കുറുപ്പംപടി പള്ളിയിൽ മുഖ്യകാർമികത്വം വഹിച്ചു.

4 • പെരുമ്പിള്ളിച്ചിറ ഇടവകാംഗവും O. Carm സന്യാസസഭാംഗവുമായ ബഹു. ഡീക്കൻ ജോൺസൺ കുന്നത്തിന് വൈദികപട്ടം നൽകി.

5 ● ആരാധനസന്യാസിനീ സഭാംഗമായ സി. ഗ്രേസീല SABS-ന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് മാറിക മഠം ചാപ്പലിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

6 ● MSJ സന്യാസിനീ സഭാംഗങ്ങളായ സി. ജെർമ്മയിൻ, സി. ലൈല എന്നിവരുടെ മൃതശരീരത്തിങ്കൽ ഒപ്പീസു ചൊല്ലി പ്രാർത്ഥിച്ചു.

7 ● പുതുതായി സ്ഥാപിതമായ ഷംഷാബാദ് (ഹൈദരാബാദ്) രൂപതയുടെ ഉദ്ഘാടന കർമ്മത്തിൽ പങ്കുചേർന്നു.

8–13 ● കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന മെത്രാന്മാരുടെ സിനഡിൽ പങ്കെടുത്തു.

14 ● MSJ സന്യാസിനീ സഭാംഗങ്ങളായ സി. ഉർസുല, സി. അനുപമ എന്നിവരുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് പ്രൊവിൻഷ്യൽ ഹൗസ് മഠം ചാപ്പലിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

● വടക്കുംമുറി ഇടവകയിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

15 ● MST സൊസൈറ്റിയുടെ ജൂബിലി സെമിനാറിൽ മേലമ്പാറ ദീപ്തിയിൽ മുഖ്യപ്രഭാഷണം നടത്തി.

16 ● ബഹു. ജോർജ്ജ് കുന്നംകോട്ടച്ചന്റെ ഒന്നാം ചരമവാർഷികത്തോടനുബന്ധിച്ച് നെടിയശാല ഇടവകയിൽ വി. കുർബാനയർപ്പിച്ചു.

17 ● ബഹുമാനപ്പെട്ട സ്റ്റാൻലി കുന്നേലച്ചന്റെ ജ്യേഷ്ഠനായ ബ്രദർ തോമസ് കുന്നേൽ VC -യുടെ മൃതസംസ്കാരശുശ്രൂഷകളിൽ അങ്കമാലി വിൻസെൻഷ്യൻ ആശ്രമത്തിൽ വി. കുർബാനയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

● ബിഷപ്പ്സ് ഹൗസിൽ നവവൈദികർക്ക് സ്വീകരണം നൽകി.

18 ● കത്തീഡ്രൽ ഇടവകാംഗമായ ഞാലിപ്പറമ്പിൽ ബിനു-രമ്യ ദമ്പതികളുടെ നാലാമത്തെ കുട്ടിയായ റോസ (ഏയ്ഞ്ചൽ) യുടെ പ്രവേശകകൂദാശകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

19 ● കോതമംഗലം രൂപതാംഗമായ ബഹുമാനപ്പെട്ട ജോൺ കുറ്റിയറ അച്ചന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് കടവൂർ ഇടവകയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

20 ● CMI സന്യാസസഭാംഗങ്ങളായ ബഹുമാനപ്പെട്ട മാത്യു കളപ്പുരയ്ക്കൽ, ജോസഫ് കുളക്കാട്ട് അച്ചന്മാരുടെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് സന്ദേശം നൽകി.



● ഊന്നുകൽ സ്കൂളിന്റെ സുവർണ്ണ ജൂബിലി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു.

● കോലടി ഇടവകയിൽ പുതുതായി നിർമ്മിച്ച പാരീഷ് ഹാളിന്റെ വെഞ്ചരിപ്പു കർമ്മം നിർവഹിക്കുകയും വി. കുർബാനയർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു.

21 ● തഴുവംകുന്ന് സെന്റ് ജോർജ് ഇടവകയിൽ അജപാലനസന്ദർശനം നടത്തി.

22 ● മൂവാറ്റുപുഴ ഹോളിഫാമിലി പ്രൊവിൻഷ്യൽ ഹൗസിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

23 ● മൂവാറ്റുപുഴ CSN നൊവിഷ്യേറ്റ് ഹൗസിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

● മാതൃവേദി രൂപതാവാർഷികത്തിൽ അദ്ധ്യക്ഷത വഹിച്ചു.

# Bishop's Engagements

## Febuary 2018

| | | | | |
|---|---|---|---|---|
| 01-09 | Mon-Fri | CBCI Meeting | Bangalore | |
| 10 | Sat | Jubilee | | |
| | | Grotto Fest | Kalloorkad | 4.30 pm |
| 11 | Sun | Consecration of the Church | Peringassery | 2.30 pm |
| 15 | Thu | St. Joseph's Day | Minor Seminary | 6.00 pm |
| 16 | Fri | Blessing of School | Pannimattom | 2.30 pm |
| 18 | Sun | Pastoral Visit | Kaloor | |
| 22-28 | | Engaged | | |

# സന്യാസസമൂഹത്തിന്റെ പുതിയ സാരഥികൾ

## CHF Kripajyothi Province Provincial Council

| | | |
|---|---|---|
| Provincial Superior | : | Rev. Sr. Maries Mampilly CHF |
| Vicar Provincial | : | Sr. Rita Helen CHF |
| Councillors | : | Sr. Rose Maria Chakkalakkal CHF |
| | : | Sr. Princy Raphael CHF |
| | : | Sr. Jessy Kanatt CHF |
| Provincial Auditor | : | Sr. Kripa Toms CHF |
| Provincial Treasurer | : | Sr. Dias Therese CHF |
| Provincial Secretary | : | Sr. Prabha Maria CHF |

## നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം

| | | |
|---|---|---|
| ഫാ. തോമസ് ചെമ്പരത്തി | ചരമദിനം | 03-03-1974 |
| ഫാ. ജോസഫ് നമ്പ്യാപറമ്പിൽ | " | 03-03-2016 |
| ഫാ. സ്റ്റനിസ്ലാവൂസ് നെടുമ്പുറം | " | 07-03-2008 |
| ഫാ. ജോർജ് പച്ചയിൽ | " | 08-03-1981 |
| ഫാ. ജോസഫ് കൊച്ചുമുട്ടം | " | 10-03-1960 |
| ഫാ. ജോസഫ് കുഴികണ്ടത്തിൽ | " | 11-03-2000 |
| ഫാ. ജോസഫ് മൂലേക്കുടി | " | 22-03-1972 |

## നിര്യാതരായി

### റവ. സി. റെജീന MSJ (പാറക്കടവിൽ)

ഇടവക : കുറുമ്പനാടം
ജനനം : 30-03-1933
ആദ്യവ്രതം : 15-09-1958
നിത്യവ്രതം : 06-09-1964
മരണം : 12-12-2017
മൃതസംസ്കാരം : 14-12-2017
(പ്രൊവിൻഷ്യൽ ഹൗസ്, തങ്കളം)

### റവ. സി. പംക്രേഷ്യ FCC (കോഴികോട്ട്)

ഇടവക : മുളപ്പുറം
ജനനം : 28-07-1937
ആദ്യവ്രതം : 07-05-1965
നിത്യവ്രതം : 07-05-1968
മരണം : 26-12-2017
മൃതസംസ്കാരം : 27-12-2017
(ഈസ്റ്റ് വാഴപ്പിള്ളി)

### റവ. സി. ലൈല MSJ (പാലമറ്റം)

ഇടവക : അരിക്കുഴ
ജനനം : 06-02-1942
ആദ്യവ്രതം : 08-09-1964
നിത്യവ്രതം : 08-09-1970
മരണം : 04-01-2018
മൃതസംസ്കാരം : 06-01-2018
(പ്രൊവിൻഷ്യൽ ഹൗസ്, തങ്കളം)



### റവ. സി. ജെർമെയിൻ MSJ (പാലത്തിങ്കൽ)

ഇടവക : പരീക്കണ്ണി
ജനനം : 01-02-1943
ആദ്യവ്രതം : 08-09-1962
നിത്യവ്രതം : 08-09-1968
മരണം : 04-01-2018
മൃതസംസ്കാരം : 06-01-2018
(പ്രൊവിൻഷ്യൽ ഹൗസ്, തങ്കളം)

### റവ. സി. ഉർസുല MSJ (കോലോത്ത്)

ഇടവക : പെരിങ്ങുളം
ജനനം : 01-08-1940
ആദ്യവ്രതം : 08-09-1960
നിത്യവ്രതം : 08-09-1966
മരണം : 12-01-2018
മൃതസംസ്കാരം : 14-01-2018
(പ്രൊവിൻഷ്യൽ ഹൗസ്, തങ്കളം)

### റവ. സി. അനുപമ MSJ (വെള്ളരിങ്ങാട്ട്)

ഇടവക : വെള്ളരിക്കുണ്ട്
ജനനം : 15-08-1958
ആദ്യവ്രതം : 08-12-1978
നിത്യവ്രതം : 04-11-1987
മരണം : 12-01-2018
മൃതസംസ്കാരം : 14-01-2018
(പ്രൊവിൻഷ്യൽ ഹൗസ്, തങ്കളം)